T61
P·16

കിരാതാർജ്ജുനീയ

വ്യായോഗം

61
16

പാലിയത്തു് ഓമനക്കുഞ്ഞമ്മ.

കിരാതാൎജ്ജുനീയ
വ്യായോഗം

കൊടുങ്ങല്ലൂർ

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടുണ്ടാക്കിയ

സംസ്കൃതകൃതിയുടെ ഭാഷ.

പരിഷ്കരിച്ച രണ്ടാംപതിപ്പു്.

പരിഭാഷാകർത്രി

പാലിയത്തു് ഓമനക്കുഞ്ഞമ്മ

പ്രസാധകൻ

വെള്ളായ്ക്കൽ നാരായണമേനോൻ

കൊല്ലം

മനോമോഹനം അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

൧൧൧൧

(പകൎപ്പവകാശം)

(വില പന്ത്രണ്ടണ.

St. Thomas Monastery

DEFINITORY T. O. C. D. No. 1986 LIBRARY

CASSED

T 61 / P. 16

DHARMARAM COLLEGE LIBRARY, BANGALORE. 4215

F.20

മുഖവുര

ജനങ്ങളെ പാലിക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിച്ചതിനാലായിരിക്കാം 'പാലിയം' എന്ന പാവനമായ നാമധേയം ഈ സ്വരൂപത്തിന്നു സിദ്ധിച്ചതു്. സ്ത്രീപുരുഷഭേദമെന്യേ ഈ സ്വരൂപത്തിലെ അംഗങ്ങളിൽ മിക്കവരും ശാസ്ത്രജ്ഞാനത്തിലും കാവ്യനിർമ്മാണത്തിലും അദ്യാപി പ്രസിദ്ധി നേടിയവരാണു്. ഈ പ്രഭുകുടുംബത്തിന്നൊരു പ്രദീപമായി പ്രശോഭിക്കുന്ന ശ്രീമതി ഓമനക്കുഞ്ഞമ്മ അവർകൾ മലയാളം, സംസ്കൃതം, ഇംഗ്ലീഷു മുതലായ ഭാഷകളിലും സംഗീതത്തിലും കാവ്യനിർമ്മാണത്തിലും വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരാണു്.

കൊടുങ്ങല്ലൂർ കോവിലകത്തെ സ്തംഭങ്ങൾകൂടി സംസ്കൃതാഭിജ്ഞങ്ങളാണെന്നു് അഭിപ്രായപ്പെടത്തക്കവണ്ണം 'കേരളപാണിനി'യെ ആശ്ചര്യപരതന്ത്രനാക്കിയവരിൽ അദ്വിതീയനാണു 'സരസദ്രുതകവികിരീടമണി'യായ മഹാമഹിമശ്രീ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്. ഒരു ഉത്തമക്ഷത്രിയരാജാവായാലും വേണ്ടതില്ല, ഉപഹാരമോ ഉപചാരമോ കൂടാതെ കേവലം അപരിചിതന്മാർ പോലും അപേക്ഷിച്ചാൽ ഏതുജാതി കവിതയും ഇദ്ദേഹം തൽക്ഷണം കല്പിച്ചുണ്ടാക്കിക്കൊടുക്കാതിരിക്കുന്നതല്ല. ഈ പ്രസാധകന്റെ അപേക്ഷാനുസരണം അവിടുന്നു് 'ഒടി' (പച്ചമലയാളം) 'എരുവയിൽ അച്യുതവാരിയർ' മുതലായ പല പദ്യകൃതികളും കല്പിച്ചുണ്ടാക്കി

ത്തന്നിട്ടുണ്ട്. ഇവ രണ്ടുംകൂടി ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തണമെന്നും അന്ന് അദ്ദേഹം കല്പിച്ചിട്ടുണ്ടായിരുന്നു. കൂടാതെ 'കിരാതാൎജ്ജുനീയ വ്യായോഗം തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കീട്ടുള്ളതും തൎജ്ജമ ചെയ്യിച്ച് അച്ചടിപ്പിക്കാൻ പ്രസാധകനെ ഭരമേല്പിച്ചിരുന്നു. ആദ്യത്തെ രണ്ടു കൃതികൾ, ഭാഷാഭിമാനിയും 'കവനകൌമുദീ' പത്രാധിപരുമായ ശ്രീമാൻ പി. വി കൃഷ്ണവാരിയരവർകൾ പ്രസിദ്ധപ്പെടുത്തിപ്പോയിട്ടുള്ളതിനാൽ പ്രസാധകനു് ആ ഭാരം നിൎവ്വഹിക്കാതെ കഴിഞ്ഞുകൂടി. തിരുമനസ്സുകൊണ്ടു തീപ്പെട്ടിട്ട് ഏതാണ്ടു രണ്ടു വ്യാഴവട്ടം കഴിഞ്ഞിട്ടും 'വ്യായോഗ'ത്തിന്റെ കാൎയ്യത്തിൽ ആരും ഒന്നും പ്രവൎത്തിച്ചുകാണായ്കയാൽ ആ കൃത്യം ഇപ്പോളിതാ നിൎവ്വഹിച്ചുകൊള്ളുന്നു.

ഈ കൃതി തൎജ്ജമ ചെയ്തുതരുന്നതിനു മേല്പറഞ്ഞ ഓമനക്കുഞ്ഞമ്മ അവർകളോടു് അപേക്ഷിക്കുകയും ആ മനസ്വിനി അപേക്ഷയെ സ്വീകരിച്ച് അധികം കാലവിളംബം കൂടാതെ പരിഭാഷപ്പെടുത്തിത്തരികയും ചെയ്തു. ചെറുപ്പക്കാരിയായ പരിഭാഷാകൎത്രിക്കു പഴക്കവും തഴക്കവും കുറയുവാൻ വഴിയുണ്ടെന്നു ചിലർ വിചാരിച്ചേക്കാം. എന്നാൽ ആ കോട്ടങ്ങളൊന്നും, ഇതിൽ തട്ടാതെ പോയതിനു മൂലകൎത്താവിന്റെ ദേവീപ്രസാദവും ഒരു കാരണമായിക്കരുതാവുന്നതാണ്. ഈ ഗ്രന്ഥം ൧൯൩൫-ലെ മദിരാശി സൎവ്വകലാശാലവക ഇൻററ്മീഡിയററ് പരീക്ഷയ്ക്കു ഒരു പാഠപുസ്തകമായി തിരഞ്ഞെടുത്തതുതന്നെ ഇതിന്റെ ഗുണപൌഷ്കല്യത്തെ വ്യക്തമാക്കുന്നുണ്ടല്ലോ. വിദ്വാൻ

കിളിമാനൂർ ആർ. രാജൻകോയിത്തമ്പുരാൻ തിരുമനസ്സിലെ 'ആമുഖോപന്യാസ'ത്തിൽ ഈ തൎജ്ജമയെക്കുറിച്ചു സമഷ്ടിയായിപ്പറഞ്ഞിട്ടുള്ളതിനാൽ ആ ഭാഗമെല്ലാം ഇവിടെ വിവരിക്കാൻ വിചാരിക്കുന്നില്ല. ഈ മഹിളാരത്നം ഇനിയും അനേകം സൽകൃതികളുണ്ടാക്കി ഭാഷായോഷയെ പോഷിപ്പിക്കാൻ ധാരാളം അനുഗ്രഹം നല്കുന്നതിനു സൎവ്വേശ്വരിയെ ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.

പരിഭാഷാകർത്രിയോടും, ആമുഖോപന്യാസകൎത്താവിനോടും, മനോമോഹനമായ അച്ചടികൊണ്ടു് അന്വൎത്ഥനാമധേയം പുലൎത്തിപ്പോരുന്ന മുദ്രാലയാദ്ധ്യക്ഷൻ അവർകളോടും പ്രസാധകനുള്ള കൃതജ്ഞത നിസ്സീമമായിട്ടുള്ളതാണെന്നു പ്രസ്താവിച്ചു് അവസാനിപ്പിച്ചുകൊള്ളുന്നു.

ലക്ഷ്മീഭായി ആപ്പീസ്
തൃശ്ശിവപേരൂർ.
൧൧൧൧ മിഥുനം ൧-൦ംനു

വെള്ളായ്ക്കൽ നാരായണമേനോൻ,
പ്രസാധകൻ.

ശുദ്ധിപത്രം

ഭാഗം	വരി	അശുദ്ധം	ശുദ്ധം
1	൧	വനപർവ്വം	വനപർവ്വം വിവിധങ്ങളായ
4	൯	സാത്വികഭാവം	സാത്വികഭാവം
7	൧൨	വസ്തുതഃ	വസ്തുനഃ
8	൯	ആരണ്യ	അരണ്യ
13	൭	വിജ്ഞാനികൾ	വിജ്ഞാനാദികൾ
൧൮	൧൩	നു ശ്മശാന	നും ശ്മശാന
൨൭	൯	പൊരുക്കാളു	പൊരുക്കാളു

ആമുഖോപന്യാസം

പുരാണഭാരതത്തിലെ വിപുലമായ വനപർവ്വം ഉപാഖ്യാനോപവനങ്ങളാൽ അലംകൃതമായിരിക്കുന്നു. ഈ ഉപവനങ്ങളിലെ കഥാകുസുമങ്ങൾകൊണ്ടാണു സഹൃദയന്മാരിൽ പലരും സാഹിതീദേവിയെ സമാരാധിച്ചിട്ടുള്ളത്. വനപർവ്വത്തിൽ സംഭവിച്ച പലതും പ്രകൃത്യാ കഠിനമെങ്കിലും ഫലത്താൽ മൃദുലമത്രെ. അർജ്ജുനന്റെ ദുർജ്ജയമായ ധനുഃസ്കാണ്ഡത്തിൽനിന്നും ഉൽഭവിച്ച ഉച്ചണ്ഡപ്രഹാരം കിരാതരൂപിയുടെ കിരീടത്തിൽ ഉൽകൃഷ്ടപ്രസൂനമായി പരിണമിച്ചു.

ഭാരതീയമായ കിരാതകിരീടിവൃത്താന്തം ഭാരവീയമായ ഭാരതീവിലാസത്താൽ ഒരു മഹാകാവ്യരൂപത്തെ പ്രാപിച്ചു. ഈ പ്രവൃത്തി ഇതരന്മാരായ സഹൃദയന്മാരുടെ സരസ്വതീവിഹാരത്തിനു ലക്ഷ്യമാകാതിരുന്നില്ല. കേരളീയമഹാകവികളിൽ അഗ്രഗണ്യനായ നാരായണഭട്ടതിരി ഈ വൃത്താന്തത്തെ സമുത്തമമായ ഒരു പ്രബന്ധത്തിനു വിഷയമാക്കി. കൊടുങ്ങല്ലൂർ രാജവംശത്തിലെ കവിരാജരാജനായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇതിനെ രൂപകരൂപത്തിൽ അവതരിപ്പിച്ചു. ഈ രൂപകത്തെ മലയാളഭാഷാവേഷവിധാനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഒരു വ്യായോഗവേദികയാകുന്നു ഈ ആമുഖോപന്യാസത്തിനാശ്രയമായ ഈ ചെറിയ പുസ്തകം. കിരാതം കഥയാകട്ടെ കഥകളിപ്പാട്ടു കിളിപ്പാട്ടു തുള്ളൽപ്പാ

ട്ടു വള്ളപ്പാട്ടു് എന്നിങ്ങനെ വിവിധസാഹിത്യരൂപത്തിൽ കൈരളീകങ്കണമായി പ്രശോഭിക്കുന്നുണ്ടു്.

രൂപകമെന്നതു നാട്യപ്രധാനമായ സാഹിത്യങ്ങൾക്കു പൊതുവേയുള്ള പേരാകുന്നു.

"അവസ്ഥാനുകൃതിർന്നാട്യം"

എന്നു നാട്യത്തെ വിദ്വാന്മാർ നിർവ്വചനം ചെയ്തിരിക്കുന്നു. അവസ്ഥകളുടെ അനുകരണമാകുന്നു നാട്യം. നാട്യവിഷയമായ രൂപകത്തെ പത്തുവിധമായി തരംതിരിച്ചിരിക്കുന്നു.

"നാടകം സപ്രകരണം ഭാണഃ പ്രഹസനം ഡിമഃ
വ്യായോഗസമവാകാരൌ വീഥ്യങ്കേഹാമൃഗാ ഇതി."

നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവാകാരം, വീഥി, അങ്കം, ഈഹാമൃഗം ഇവയാകുന്നു പത്തു വിധത്തിലുള്ള രൂപകങ്ങൾ. വസ്തു, നായകൻ, രസം ഇവയുടെ ഭേദത്തെ അനുസരിച്ചാകുന്നു ഈ വിഭാഗങ്ങൾ ചെയ്തിരിക്കുന്നതു്.

വസ്തു എന്നതു കഥാവിഷയമാകുന്നു. വസ്തുവിനു വിവിധവിഭാഗങ്ങളുണ്ടു്. പല ഉപാധികളെ അടിസ്ഥാനപ്പെടുത്തിയാണു് ഈ വിഭാഗങ്ങൾ ചെയ്തിരിക്കുന്നതു്. പ്രാധാന്യത്തെ ആസ്പദമാക്കി നോക്കുന്നതായാൽ വസ്തു ആധികാരികം പ്രാസംഗികം എന്നു രണ്ടുവിധമുള്ളതായിക്കാണാം. പ്രധാനമായ വസ്തു ആധികാരികം. അപ്രധാനമായതു പ്രാസംഗികം. ഇതു കൂടാതെ വസ്തുവിനു പ്രഖ്യാ

തം, ഉൽപാദ്യം, മിശ്രം എന്നു മൂന്നു വിഭാഗങ്ങൾ കൂടിയുണ്ടു്. കഥാപ്രഭവത്തെ അടിസ്ഥാനപ്പെടുത്തീട്ടുള്ളവയാണു് ഈ വിഭാഗങ്ങൾ. പുരാണപ്രസിദ്ധമായ കഥാവസ്തു പ്രഖ്യാതം. കവികല്പിതമായ കഥാവസ്തു ഉൽപാദ്യം. ഉൽപാദ്യവും പ്രഖ്യാതവും കലന്നതു മിശ്രം.

കഥാപ്രകടനത്തെ അടിസ്ഥാനപ്പെടുത്തി വസ്തുവിനു സൂച്യം, ദൃശ്യം, ശ്രാവ്യം എന്നു മൂന്നു വിഭാഗങ്ങൾ കൂടിയുണ്ടു്. സൂചിപ്പിക്കപ്പെടുവാനുള്ള കഥാവസ്തു സൂച്യം. രൂപകങ്ങളിലെ വിഷ്കംഭപ്രവേശാദികൾ സൂച്യങ്ങളാകുന്നു. അഭിനയിക്കപ്പെടേണ്ടതായിട്ടുള്ള കഥാവസ്തു ദൃശ്യം. കേട്ടാനന്ദിക്കപ്പെടേണ്ടതായിട്ടുള്ളതു ശ്രാവ്യം.

ഒരു കഥയിലെ പ്രധാനപാത്രമാണു നായകൻ. നായകനു പല ഗുണങ്ങളുണ്ടായിരിക്കേണ്ടതുണ്ടു്. വിനയം, പ്രിയദൎശനത്വം, ദാനശീലം, പ്രിയംവദത്വം, ലോകരഞ്ജന ഇത്യാദികളാകുന്നു ഈ ഗുണങ്ങളിൽ പ്രധാനമായിട്ടുള്ളവ. നായകന്മാൎക്കുള്ള ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തി അവരെ ധീരലളിതൻ, ധീരശാന്തൻ, ധീരോദാത്തൻ, ധീരോദ്ധതൻ എന്നു നാലായി തരം തിരിക്കാം. ചിന്താരഹിതനും കലാപ്രണയിയും മൃദുസ്വഭാവിയുമായിരിക്കുന്ന നായകൻ ധീരലളിതൻ. നായകസാമാന്യലക്ഷണങ്ങൾ യോജിച്ചിട്ടുള്ള നായകൻ ധീരശാന്തൻ. മഹാസത്വനും ഗംഭീരനും അവികത്ഥനനും, നിഗൂഢാഹങ്കാരനും ക്ഷമാവാനും, സ്ഥിരനും, ദൃഢവ്രതനുമായ നായകൻ ധീരൊദാത്തൻ. മദമാത്സൎയ്യാദികളുള്ളവനും മായാവിയും, വഞ്ചക

നം, രൌദ്രനും, അസ്ഥിരനും അഹങ്കാരിയും ആത്മപ്ര ശംസ ചെയ്യുന്നവനുമായ നായകൻ ധീരോദ്ധതൻ.

രസത്തെപ്പററി പൂൎണ്ണമായി നിൎവ്വചനം ചെയ്കയെന്നതു കേവലം ലഘുവല്ല. പണ്ഡിതന്മാർ പല പ്രകാരത്തിൽ രസപ്രഭാവത്തെ നിൎവ്വചിക്കുന്നുണ്ടു്.

"ബ്രഹ്മൈവരസഃ രസോവൈസഃ"എന്നതു മുതൽ "കാവ്യപ്രതിപാദനയാലൊ നടൻെറ അഭിനയത്താലൊ പ്രയോഗിക്കപ്പെടുന്നതും മേൽ വൎണ്ണിക്കുന്നതുമായ വിഭാവം അനുഭാവം വ്യഭിചാരീഭാവം സ്വാത്വികഭാവം ഇവയെക്കൊണ്ടു ശ്രോതാക്കളുടെയോ കാണികളുടെയോ മനസ്സിൽ ജനിപ്പിക്കുന്നതും ഉപരി വിവരിക്കുന്നതുമായ സ്ഥായീഭാവങ്ങളായ രതി ശോകം മുതലായ വികാരങ്ങൾ പരമാനന്ദമായ ജ്ഞാനസ്വരൂപത്തെ പ്രാപിക്കുന്നതാകുന്നു രസം" എന്നതുവരെ പല നിൎവ്വചനങ്ങളും ലബ്ധമായിട്ടുണ്ടു്. എന്നാൽ ഇവയിലോരോന്നിനും എത്രമാത്രം പൂൎണ്ണത വന്നിട്ടുണ്ടെന്നു നിൎണ്ണയിക്കാൻ പ്രയാസം. സാക്ഷാൽ ബ്രഹ്മാനന്ദനിൎവ്വിശേഷമായ ഒരു അനുഭൂതിവിശേഷമാണു രസം എന്നുതന്നെയാണു സകല നിൎവ്വചനങ്ങളുടെയും സാരാംശം. നവരസങ്ങൾ എന്നു സാധാരണമായ മൊഴികൊണ്ടുതന്നെ രസം ഒമ്പതുവിധമെന്നു വെളിപ്പെടുന്നു.

"ശൃംഗാരഹാസ്യകരുണ രൌദ്രവീരഭയാനകാഃ
ബീഭത്സാത്ഭുത ഇത്യഷ്ടൌ രസാഃ ശാന്തസ്തഥാമതഃ"

ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം എന്ന എട്ടു രസങ്ങളോടു ശാന്തവുംകൂടി ചേൎന്നു നവരസങ്ങളായിത്തീൎന്നു.

വസ്തു, നായകൻ, രസം ഇവയുടെ ഭേദത്തെ അടിസ്ഥാനപ്പെടുത്തി പത്തുവിധം രൂപകങ്ങളുണ്ടായിച്ചുവെന്നു പറഞ്ഞുവല്ലൊ. അവയുടെ ലക്ഷണങ്ങൾ താഴെ വിവരിക്കുന്നു.

അഞ്ചുമുതൽ പത്തുവരെ അങ്കങ്ങളും സുപ്രസിദ്ധമായ കഥയും ധീരോദാത്തനായ നായകനും പ്രധാനരസമായി ശൃംഗാരവീരങ്ങളിൽ ഒന്നും അടങ്ങീട്ടുള്ള രൂപകം നാടകം.

കവികല്പിതമായ കഥയും ധീരപ്രശാന്തനായ നായകനും കുലസ്ത്രീയായ നായികയും പ്രധാനരസമായി ശൃംഗാരവും അടങ്ങീട്ടുള്ളതു പ്രകരണം.

ഒരേ ഒരങ്കവും കവികല്പിതകഥയുമുള്ളതു ഭാണം.

ഒരങ്കവും പ്രസിദ്ധകഥയും ധീരോദാത്തനായകനും ഹാസ്യശൃംഗാരങ്ങളിൽ ഒന്നായ പ്രധാന രസവും കലന്നിട്ടുള്ള രൂപകം വ്യായോഗം.

നാലങ്കത്തിൽ വിവിധവിഷയങ്ങൾ കൂട്ടിച്ചേർത്തു ദേവാസുരന്മാരുടെ കഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ള രൂപകം സമവാകാരം.

നാലങ്കവും അനേകനായകന്മാരും പ്രസിദ്ധകഥയും രൌദ്രരസവും കലന്നിട്ടുള്ളതു ഡിമം.

നാലങ്കവും കല്പിതകഥയും ദേവനൊ മനുഷ്യനൊ ആയ നായകനും ചേന്നിട്ടുള്ളതു് ഈഹാമൃഗം.

ഒരങ്കത്തിൽ ഒരു പ്രാകൃതനായകനെപ്പററി കരുണാരസപ്രധാനമായി പ്രതിപാദിക്കുന്ന രൂപകം അങ്കം.

ഒരങ്കത്തിൽ വിവിധരസങ്ങൾ കലൎത്തി ആകാശഭാഷിതത്താൽ പൂൎത്തിയാക്കുന്ന കഥ അടങ്ങീട്ടുള്ളതു വീഥി.

നിന്ദ്യപാത്രവും ഹാസ്യരസപ്രധാനവും കവികല്പിതവുമായ കഥയെ ഒരങ്കത്തിൽ പ്രകടിപ്പിക്കുന്നതു പ്രഹസനം.

പത്തുവിധം രൂപകങ്ങൾക്കു പുറമെ പതിനെട്ടുവിധം ഉപരൂപകങ്ങളുമുണ്ടു്.

നാടികാ ത്രോടകം ഗോഷ്ഠി സട്ടകം നാട്യരാസകം
പ്രസ്ഥാനോല്ലാപ്യ കാവ്യാനി പ്രേംഖണം രാസകം തഥാ.
സംലാപകം ശ്രീഗദിതം ശില്പകം ച വിലാസികം
ദുൎമ്മല്ലികാ പ്രകരണീ ഹല്ലി ശോഭാണികേതിച.

നാടികാ ത്രോടകം ഗോഷ്ഠി സട്ടകം നാട്യരാസകം പ്രസ്ഥാനം ഉല്ലാപ്യം കാവ്യം പ്രേംഖണം രാസകം സംലാപകം ശ്രീഗദിതം ശില്പകം വിലാസികം ദുൎമ്മല്ലികാ പ്രകരണീ ഹല്ലിശം ഭാണികം ഇവയാകുന്ന പതിനെട്ടുവിധം ഉപരൂപകങ്ങൾ വസ്തു, നായകൻ, രസം ഇവയുടെ ഭേദത്തെ അനുസരിച്ചുതന്നെയാണു് ഈ പതിനെട്ടു വിഭാഗങ്ങളും ചെയ്തിരിക്കുന്നതു്. അങ്കങ്ങളുടെ എണ്ണവും ഈ വിഭാഗത്തിനു അടിസ്ഥാനമാകാതിരിക്കുന്നില്ല. ഈ പതിനെട്ടുവിധം ഉപരൂപകങ്ങൾക്കു തമ്മിലുള്ള വ്യത്യാസത്തെ സമഗ്രമായി വിവരിച്ചു് ഈ ഉപന്യാസത്തെ ദീൎഘിപ്പിക്കേണ്ട ആവശ്യമില്ലല്ലൊ.

രൂപകങ്ങളിൽ സാധാരണമായ നാന്ദ്യാദി രംഗകാൎയ്യങ്ങളിൽ ചിലതു് ഈ അവസരത്തിൽ വിവരിക്കേണ്ടതാ

ണല്ലൊ. ആശിസ്സ് നമസ്ക്രിയാ വസ്തുനിർദ്ദേശം ഇവ യായിരിക്കണം ഒരു കാവ്യത്തിൻെറ പ്രാരംഭം എന്നു പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. ഈ പണ്ഡിതവചനത്തെ അടിസ്ഥാനപ്പെടുത്തി നാടകാദികളിൽ ചെയ്യുന്ന ആശിന്നമസ്ക്രിയാവസ്തുനിർദ്ദേശസൂചകമായ പദ്യപാഠമാണു നാന്ദി.

"ദേവതാദി നമസ്കാരമംഗളാരംഭപാഠകൈഃ
യാക്രിയാ നന്ദ്യതേ നാട്യാരംഭേ നാന്ദീതി സാസ്മൃതാ"

എന്നാണു നാന്ദിക്കു ലക്ഷണം ചെയ്തിരിക്കുന്നതു്. നാന്ദ്യന്തത്തിൽ കാവ്യാർത്ഥസ്ഥാപനയ്ക്കുവേണ്ടി പ്രവേശിക്കുന്ന രംഗപ്രവർത്തകനാണു സൂത്രധാരൻ.

"ആസൂത്രയൻ ഗുണാൻ നേതുഃ കവേരപി ച വസ്തുതഃ
രംഗപ്രസാധനപ്രൌഢഃ സൂത്രധാരഇഹോദിതഃ"

എന്നു സൂത്രധാരലക്ഷണം. സൂത്രധാരനോടുകൂടി പ്രവേശിക്കുന്ന നടൻ പാരിപാർശ്വികൻ.

"ഭരതേനാദിനീതംയൊ ഭാവം നാനാരസാശ്രയം
പരിഷ്കരോതി പാർശ്വസ്ഥഃ സഭവേൽ പാരിപാർശ്വികഃ

എന്നാകുന്നു പാരിപാർശ്വികൻെറ ലക്ഷണം. പാരിപാർശ്വികൻെറ പ്രവൃത്തി നേപത്ഥ്യകൃത്യങ്ങളെ സജ്ജീകരിക്കയാകുന്നു. ആകല്പവേഷൌ നേപത്ഥ്യ" എന്ന അമരപ്രമാണത്താൽ വേഷാലങ്കാരങ്ങളാണു നേപത്ഥ്യം

എന്നു വന്നുകൂടുന്നു. എന്നാൽ വേഷാലങ്കാരങ്ങൾ ചെയ്യുന്ന ഗൃഹത്തിനും നേപത്ഥ്യമെന്നു പറയാറുണ്ടു്. സൂത്രധാരനും പാരിപാൎശ്വികനും രംഗപ്രവേശം ചെയ്തു കാവ്യാൎത്ഥത്തെ സൂചിപ്പിക്കയൊ പ്രസ്താവിക്കയൊ ചെയ്യുന്നതിനു പ്രസ്താവന എന്നു പേർ.

പത്തുവിധമായ രൂപകങ്ങളിൽ വ്യായോഗം എന്ന ഇനത്തിൽപ്പെട്ടതാണു് ഇവിടെ ശ്രദ്ധേയമായ കിരാതാൎജ്ജുനീയവ്യായോഗം എന്ന ചെറിയ പുസ്തകം. ഭാരതപുരാണാന്തൎഗതമായ ആരണ്യപൎവ്വത്തിലെ ചില സംഭവങ്ങളാണു കിരാതാൎജ്ജുനീയം കഥയ്ക്കു വിഷയീഭവിച്ചിട്ടുള്ളതെന്നു് ആദ്യമേ സൂചിപ്പിച്ചുവല്ലൊ. ആ സംഭവങ്ങളെ സംഗ്രഹിക്കുന്നു. ദുൎയ്യോധനാദികളാൽ ചെയ്യപ്പെട്ട കപടമായ പകിടപ്പോരിൽ അപകടം പററി സകലതും പണയംവച്ചു പാണ്ഡവന്മാർ ദ്വൈതവനത്തെ അഭയംപ്രാപിച്ചിരിക്കുന്നു. മദ്ധ്യമപാണ്ഡവനായ ഫൽഗുനൻ കൌരവപരാജയത്തിനുള്ള ഉപായങ്ങളെപ്പററി ചിന്തിച്ചുതുടങ്ങി. ആ അവസരത്തിൽ വേദവ്യാസമഹാമുനി അവിടെ വന്നുചേൻ. അദ്ദേഹം അൎജ്ജുനന്റെ ചിന്തയെന്തെന്നു് അറിഞ്ഞു് അതിന്റെ സാഫല്യത്തിനുവേണ്ടി ചില ഉപദേശങ്ങൾ നല്കി. സാക്ഷാൽ സംഹാരമൂൎത്തിയായ പശുപതിയെ ഭക്തിപൂൎവ്വം തപസ്സുചെയ്താൽ അദ്ദേഹത്തിൽനിന്നും പാശുപതം എന്ന ദിവ്യാസ്ത്രം ലഭിക്കുമെന്നും ആ അസ്ത്രം ഉപയോഗിച്ചു കൌരവന്മാരെ നശിപ്പിക്കാമെന്നുമായിരുന്നു മഹൎഷിയുടെ ഉപദേശങ്ങളിൽ ഒന്നു്. വ്യാസന്റെ ഉപദേശത്തെ ആദരിച്ചു് അൎജ്ജുനൻ ഹിമാ

DEFINITORY O.C.D. No 1986... LIBRARY.

ലയപ്രാന്തത്തിൽ ചെന്നു പശുപതിയെ ഉദ്ദേശിച്ചു തപം തുടങ്ങി. തപം ക്രമേണ കഠിനമായിത്തീൎന്നു. അൎജ്ജുനൻെറ ഭക്തിപൂൎവ്വമായ തീവ്രതപശ്ചൎയ്യയാൽ സംപ്രീതനായിത്തീൎന്ന ശ്രീപരമേശ്വരൻ വരപ്രദാനത്തിനൊരുങ്ങി. അൎജ്ജുനൻ ഉദ്ദേശിച്ചിരുന്ന വരം പാശുപതാസ്ത്രലാഭമാണ്. ഈ ദിവ്യാസ്ത്രവരലാഭത്തിനു സാക്ഷാൽ സവ്യസാചി സൎവ്വഥാ അൎഹൻതന്നെയെന്നുള്ള വസ്തുത ലോകവിദിതമാക്കിത്തീൎത്തിട്ടു വേണം പ്രസ്തുതാസ്ത്രപ്രദാനം ചെയ്വാനെന്നു ശ്രീപരമേശ്വരൻ തീൎച്ചയാക്കി. അസ്ത്രലാഭത്തിനുള്ള അൎഹത നിൎണ്ണയിക്കേണ്ടതു് അസ്ത്രപ്രയോഗത്തിൽനിന്നാണല്ലൊ. അതിലേക്കു വേണ്ടി പാൎവ്വതീപരമേശ്വരന്മാർ കൈരാതരൂപം പ്രാപിച്ചു മൃഗയാവിനോദത്തിൽ ഏൎപ്പെട്ടു വനത്തിൽ സഞ്ചരിച്ചുതുടങ്ങി. ഈ സഞ്ചാരത്തിൽ ഈ കിരാതയുഗളത്തിൻെറ ഉദ്ദേശം തീവ്രതപോനിഷ്ഠനായ ജിഷ്ണുവിനെ ഘോരസമരം ചെയ്യുന്നതിലേക്കു പ്രേരിപ്പിക്കണമെന്നായിരുന്നു.

അതേസമയത്തുതന്നെ കൌരവസംഹാരാൎത്ഥം സംഹാരമൂൎത്തിയെ തീവ്രതപംചെയ്യുന്ന സവ്യസാചിയെ സമാക്രമിക്കാൻ ദുൎയ്യോധനനാൽ നിയുക്തനായ മൂകാസുരൻ കോലകോലം പൂണ്ടു കാനനത്തിൽ അടനംചെയ്കയായിരുന്നു. ഈ കോലമാകട്ടെ കിരാതരുദ്രൻെറ "ചലലക്ഷ്യവേധവിധിയായ ബാണങ്ങൾക്കു ലക്ഷ്യമായിബ്ഭവിച്ചു." കിരാതശസ്ത്രക്ഷതമായ വരാഹം കിരീടിയായ തപോമൂൎത്തിക്കഭിമുഖമായി ത്വരിതഗമനം ചെയ്തു. തൽസമയം "ദൈവപ്രബോധിതനായ" ബീഭത്സു സ്വാഭിമുഖം പ്രയാ

ണാം ചെയ്യുന്ന സ്വനാശകാരിയായ വരാഹത്തെ ഗാണ്ഡീവകാണ്ഡപ്രയോഗത്താൽ നിഷ്പ്രയാസം നിഗ്രഹിച്ചു കിരാതമൂർത്തിയുടെ ബാണത്തിനു ലക്ഷ്യമായിരുന്നു ഈ മഹാസത്വം. ഈ ലക്ഷ്യത്തെ മുനിവൃത്തിയായ അർജ്ജുനൻ വേധിച്ചു. അർജ്ജുനനുമായി അസ്ത്രപ്രയോഗത്തിനു് അത്യൽസുകനായ മായാകിരാതൻ ഇതുതന്നെ തരമെന്നു കരുതി അർജ്ജുനനോടു് എതിർത്തു. മുനിവൃത്തിയായ അർജ്ജുനൻെറ പ്രശാന്തമനോഭാവത്തെ മാററി യഥാർത്ഥമായ രൌദ്രഭാവത്തെ പ്രോജ്ജ്വലിപ്പിക്കുന്നതിനു പര്യാപ്തമായ ഭത്സനഭാഷിതങ്ങൾ രുദ്രമുഖത്തിൽനിന്നും ഉത്ഭവിച്ചു. ഉത്തരോത്തരം അത്യുൽക്കടമായിത്തീർന്ന ഭത്സനഭാഷിതങ്ങൾ ഫൽഗുനനെ പ്രചണ്ഡശരപ്രയോഗത്തിനു പ്രേരിപ്പിച്ചു. കിരാതരുദ്രനും ശരപ്രയോഗത്തിനു പ്രേരിതനായി. ഇപ്രകാരം കിരാതാർജ്ജുനന്മാർ ഘോരസമരത്തിൽ വിഹരിച്ചുതുടങ്ങി. അസ്ത്രപ്രത്യസ്ത്രങ്ങൾ പ്രചണ്ഡമാംവിധം അന്യോന്യം വർഷിച്ചുതുടങ്ങി. പ്രതിയോഗികളിരുവരും നിശിതശരപ്രയോഗത്താൽ ക്ഷതശരീരന്മാരായിത്തീർന്നു. ഈ സമരത്തിൽ അർജ്ജുനൻെറ അസ്ത്രപ്രയോഗസാമർത്ഥ്യവും ദിവ്യാസ്ത്രസമ്മാനലബ്ധിക്കുള്ള അർഹതയും അതോടുകൂടിത്തന്നെ ഭക്തിപ്രഭാവവും സ്ഥിരചിത്തതയും വെളിപ്പെട്ടു. എങ്കിലും അർജ്ജുനൻ യുദ്ധത്തിൽ പരാജിതനാവുകയാണുണ്ടായതു്. കിരാതമൂർത്തി ക്ഷതമൂർത്തിയായിത്തീർന്നുവെങ്കിലും അദ്ദേഹം ഭക്തവത്സലതയാൽ സന്തുഷ്ടനായി, പരാജയത്താൽ പരവശനായ അർജ്ജുനനെ ദിവ്യാസ്ത്രവരദാനത്താൽ അനുഗ്രഹിച്ചു.

ഈ പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടുന്ന പ്രധാനകഥാപാത്രങ്ങൾ രണ്ടുപേർ മാത്രമാകുന്നു. അവയിൽ ഒന്നു "ശൃംഗാരാത്ഭുതവീരരൌദ്രശബള"നും ശബരനുമായ ശ്രീപരമേശ്വരനും മററതു "തപോദീപാലോകസ്ഫുടപരശിവാലിന"മനസ്സനും ജിഷ്ണുവുമായ അജ്ജുനനുമാകുന്നു. ശ്രീപരമേശ്വരൻ കിരാതരുദ്രമൂത്തിയാണെങ്കിലും കരുണാർദ്രമനോവൃത്തിയായി സ്വഭക്തനെ അനുഗ്രഹിക്കാൻ ഉദ്യുക്തനായിരിക്കയാണു്. എന്നാൽ അദ്ദേഹത്തിൻെറ ഭക്തവാത്സല്യം കേവലം അന്ധമല്ല. ഭക്തന്മാരുടെ ഭക്തിദാർഢ്യത്തേയും അനുഗ്രഹപ്രാപ്തിക്കുള്ള യോഗ്യതയേയും പരീക്ഷിച്ചറിഞ്ഞിട്ടേ അദ്ദേഹം അനുഗ്രഹപ്രദാനം ചെയ്യുയുള്ളൂ.

അജ്ജുനനാകട്ടെ അത്യുത്തമഭക്തനും പ്രശാന്തനും തപോനിരതനുമാണെങ്കിലും നിന്ദാഭാഷിതരായി പ്രവത്തിക്കുന്നവരുടെ നേരെ രൌദ്രഭാവത്തെ പ്രദർശിപ്പിച്ചുവന്നു. വിഘാതങ്ങൾ എന്തൊക്കെത്തന്നെ നേരിട്ടാലും അവയൊക്കെ സധൈര്യം പരിഹരിച്ചു ഉദ്ദിഷ്ടഫലത്തെ പ്രാപിക്കത്തക്കവണ്ണം സ്ഥിരചിത്തനായിരുന്നു അജ്ജുനൻ.

ഈ കഥയിൽ പ്രതിഫലിച്ചുകാണുന്ന പ്രധാനരസങ്ങൾ ഹാസ്യവും വീരവുമാകുന്നു. കിരാതൻ ഹാസ്യരസപ്രഭാവനായി ഭാവിച്ചപ്പോൾ അജ്ജുനൻ വീരരസപ്രഭാവനായി ഭവിച്ചു. കിരാതൻെറ ഹാസ്യം വാത്സല്യമായി മാറിയപ്പോൾ അജ്ജുനൻെറ വീരം കരുണമായി പരിണമിച്ചു.

പുരാണേതിഹാസങ്ങളിൽ അടങ്ങിയിരിക്കുന്ന ആഖ്യാനങ്ങളുടെ കാലം നിൎണ്ണയിക്കുക ക്ഷിപ്രസാദ്ധ്യമല്ല. കിരാതം കഥ മഹാഭാരതത്തിൽ അന്തർഭവിച്ചതാണു്. ആ സ്ഥിതിക്കു് ആ കഥയുടെ കാലം നിൎണ്ണയിക്കയെന്നതു മഹാഭാരതത്തിന്റെ കാലം നിൎണ്ണയിക്കയാകുന്നു. മഹാഭാരതം ഏതേതുകാലങ്ങളിൽ എഴുതിശേഖരിച്ചുവെന്നു തെളിയിക്കുന്നതിനു പലയുക്തികൾ കാണിക്കേണ്ടതുണ്ടു്. അതു് ഈ ചെറിയ ഉപന്യാസത്തിൽ സാദ്ധ്യമല്ല.

ദശാവതാരങ്ങളിൽ നവാവതാരമായ ശ്രീകൃഷ്ണാവതാരദശയിലാണു മഹാഭാരതസംഭവങ്ങൾ നടന്നിട്ടുള്ളതു്. ശ്രീകൃഷ്ണഭഗവാന്റെ വൈകുണ്ഠപ്രാപ്തിക്കു ശേഷമുള്ള യുഗമാണു കലിയുഗമെന്നു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു. പുരാണവചനത്തെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ മഹാഭാരതസംഭവങ്ങൾ ദ്വാപരയുഗത്തിന്റെ ഒടുവിലത്തെ ഭാഗത്തിലൊ കലിയുഗത്തിന്റെ സന്ധിയിലൊ ആയിരുന്നുവെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

ഈ അവതാരികയ്ക്കു വിഷയീഭവിച്ച ഈ ചെറിയ ഗ്രന്ഥം ഒരു ഭാഷാന്തരീകരണമാണെന്നും ഇതിന്റെ മൂലം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സുകൊണ്ടെഴുതിയ കിരാതാൎജ്ജുനീയവ്യായോഗം എന്ന സംസ്കൃതഗ്രന്ഥമാണെന്നും സൂചിപ്പിച്ചുവല്ലൊ. മൂലഗ്രന്ഥത്തിന്റെയും ഭാഷാന്തരീകരണത്തിന്റെയും കൎത്താക്കളെപ്പററി അല്പം പ്രസ്താവിക്കുന്നതു സമുചിതമായിരിക്കുമല്ലൊ.

കേരളത്തിലെ ചരിത്രപ്രസിദ്ധങ്ങളായ ദേശങ്ങളിൽ അത്യുത്തമസ്ഥാനത്തെ അർഹിക്കുന്ന ഒരു ദേശമാണു കൊടുങ്ങല്ലൂർ. ഈ ദേശത്തിനു രാഷ്ട്രപരമായും വാണിജ്യപരമായും വിജ്ഞാനപരമായുമുള്ള സുപ്രസിദ്ധി ലോകവിദിതമാണല്ലൊ. ഈ ദേശത്തെ അലങ്കരിക്കുന്ന രാജവംശത്തിന്റെ മഹത്വവും സുപ്രസിദ്ധമത്രെ. സാഹിത്യശാസ്ത്രവിജ്ഞാനികൾക്കാശ്രയസ്ഥാനമാണു കൊടുങ്ങല്ലൂർരാജകുടുംബം. ജ്യൌതിഷം, വൈദ്യം, സാഹിത്യം ഇത്യാദികളിൽ അത്യധികം നൈപുണ്യം സമ്പാദിച്ചിട്ടുള്ള മഹാപുരുഷന്മാർ ഈ രാജകുടുംബത്തിൽ എപ്പോഴും പ്രശോഭിക്കുന്നുണ്ട്. വലിയ കൊച്ചുണ്ണിത്തമ്പുരാൻ, ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായ മഹാരഥന്മാർ ഈ അടുത്ത കാലത്തു് ഈ കുടുംബത്തെ അലങ്കരിച്ചിട്ടുള്ളവരാണു്. ഈ മഹാത്മാക്കളിൽ കേരളവ്യാസൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആളും ഈ തർജ്ജമയുടെ മൂലഗ്രന്ഥത്തിന്റെ കർത്താവുമായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കൊല്ലവർഷം ൧൦൪൦-ാമാണ്ടിൽ ജനിച്ചു. അവിടുന്നു വിദ്യാസങ്കേതങ്ങളായ മാതാപിതാക്കന്മാരുടെ രക്ഷയിലും ശിക്ഷയിലും വളൎന്നു യഥാകാലം വിദ്യ അഭ്യസിച്ചു യശോധനനും വിദ്യാവൃദ്ധനുമായിത്തീൎന്നു. അവിടുത്തെ പ്രതിഭാവിലാസം വിഹരിച്ചിരുന്നതു സാഹിത്യവിഷയത്തിലായിരുന്നു. അവിടുന്നു നിൎമ്മിച്ചിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളിൽ പ്രധാനമായിട്ടുള്ളതു മഹാഭാരതം തർജ്ജമയാണു്. മഹാപണ്ഡിതനും മഹാകവിയുമായ അവിടുത്തെ ഭൌതികദേഹം നാല്പത്തെട്ടു കൊല്ലം മാത്രമേ ലോകത്തെ അലങ്കരിച്ചുള്ളു.

അവിടുത്തെ ജീവിതം പരിമിതമായിരുന്നുവെങ്കിലും അവിടുന്നു സാഹിത്യലോകത്തിനു ചെയ്തിട്ടുള്ള ഉപകാരം അപരിമിതമാകുന്നു.

കൊടുങ്ങല്ലൂർ രാജകുടുംബംപോലെതന്നെ കേരളത്തിലെ ചരിത്രപ്രസിദ്ധമായ ഒരു പ്രഭുകുടുംബമാണു പാലിയം. പാലിയംകുടുംബം ബുദ്ധിധനം, വിദ്യാധനം, ശൌര്യധനം, ധൈര്യധനം, ദ്രവ്യധനം എന്നിങ്ങനെ സകലധനങ്ങളും പൂർണ്ണമായിട്ടുള്ള ഒരു കുടുംബമാണ്. പാലിയത്തച്ചന്മാർ പരമ്പരയാ കൊച്ചിരാജ്യത്തിലെ മന്ത്രിസ്ഥാനത്തെയും സൈന്യാധിപസ്ഥാനത്തെയും അലങ്കരിച്ചിരുന്നവരാണ്. പൌരസ്ത്യവിജ്ഞാനങ്ങളിൽ എന്നപോലെ പാശ്ചാത്യവിജ്ഞാനത്തിലും വൈദഗ്ദ്ധ്യം സമ്പാദിച്ച മഹതീമഹാന്മാർ ആ കുടുംബത്തെ സർവ്വദാ അലങ്കരിക്കുന്നു. സംസ്കൃതവിദുഷിയും സുപ്രസിദ്ധകവയിത്രിയുമായിരുന്ന കാവുകുഞ്ഞമ്മ, സുപ്രസിദ്ധവാഗ്മിയും കവിയുമായ കുഞ്ഞുണ്ണി അച്ചൻ അവർകൾ എന്നിവർ അധുനാതനസാഹിത്യലോകത്തിൽ സുപരിചിതരാണല്ലോ. കാവുകുഞ്ഞമ്മയുടെ പൌത്രിയും കുഞ്ഞുണ്ണിഅച്ചൻ അവർകളുടെ ഭാഗിനേയിയുമായ ഓമനക്കുഞ്ഞമ്മയാണ് ഈ തർജ്ജമയുടെ രചയിത്രി. ഒരു നല്ല സാഹിത്യകാരനും വൈദ്യനുമായ ബ്രഹ്മശ്രീ ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട് അവർകളുടെ ഓമനമകളാണ് ഈ ഗ്രന്ഥകർത്രി. യഥാകാലം വിദ്യ ആരംഭിച്ച ഓമനക്കുഞ്ഞമ്മ വിദ്വാന്മാരായ കുന്നത്തൂർ പടിഞ്ഞാറേടത്തു കൃഷ്ണൻ ഭട്ടതിരിപ്പാടവർകളുടേയും പിതാവിന്റെയും സവിധത്തിൽ നിന്നും കാവ്യനാടകാല

ങ്കാരാദികളിൽ ദൃഢമായ വ്യുൽപത്തി സമ്പാദിച്ചു വ്യാകരണാദി ശാസ്ത്രങ്ങൾ അഭ്യസിച്ചു സാഹിത്യവേദികയിൽ പ്രവേശിച്ചു് കൈരളീദേവിയെ ആരാധിച്ചുവരുന്നു. സംഗീതത്തിലും സാഹിത്യത്തിലും സുസമ്മതമായ സാമൎത്ഥ്യം സമ്പാദിച്ചിട്ടുള്ള ഈ സഹൃദയ യഥാവസരം സമൎപ്പിക്കുന്ന കാവ്യകുസുമമാല്യങ്ങൾ കൈരളീദേവിയെ സൎവ്വഥാ സമുജ്ജ്വലിപ്പിക്കുമെന്നതു നിശ്ചയംതന്നെ. ഈ കുസുമമാല്യങ്ങളുടെ പരിപാവനമായ പരിമളധോരണി സഹൃദയലോകത്തെ സൎവ്വദാ സമാഹ്ലാദിപ്പിക്കും.

മാവേലിക്കര,
൨൩-൧൦-൧൧൧ } വിദ്വാൻ കെ. ആർ. രാജൻ കോയിത്തമ്പുരാൻ.

പാലിയത്തു് ഓമനക്കുഞ്ഞമ്മ.

കിരാതാർജ്ജുനീയ
വ്യായോഗം

ഭാഷ

പുമർത്ഥം നാലിനും മുഖ്യ-
മൂലമായ്, ധ്യാനലക്ഷ്യമായ്,
തിങ്കൾക്കീറൊത്തു മിന്നുന്ന
പരജ്ജ്യോതിസ്സിനെത്തൊഴാം.

(നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ—(മുമ്പോട്ട നോക്കി തൊഴുതുംകൊണ്ടു്)

പാർത്ഥൻെറ തല്ലുകളിൽ വീണ്ടു പിളർന്നു ചോര
ചാടും വരൻെറ തല നോക്കിയിരുന്നിടാതെ
സ്നേഹം നിറഞ്ഞ മിഴിയർജ്ജുനനിൽ പൊഴിക്കും
വേടത്തിയാം 'ത്വരിത'യിഷ്ടമണച്ചിടട്ടെ!

അല്ലയോ സാമാജികന്മാരെ! എൻെറ ഈ അഭ്യർത്ഥന കേട്ടാലും,

ഭവൽസേവാതൽപരൻ ഞാൻ
നവമാമൊരു രൂപകം
പ്രയോഗിക്കാമതിൽ ദേവി
ആയോഗശ്രീ രസിക്കണം.

അതുകൊണ്ടു് എന്താണഭിനയിക്കേണ്ടതെന്നു് ആര്യമിശ്രന്മാർ ആജ്ഞാപിച്ചാലും.

പാരിപാൎശ്വികൻ—(പ്രവേശിച്ചിട്ട്) അല്ലയോ ഭാവ! ആൎയ്യമിശ്രന്മാർ ഇങ്ങനെ ആജ്ഞാപിക്കുന്നു. "അല്ലയോ ഭരതപുത്ര! ഹൃദ്യമല്ലാത്തതുംകൂടി നിങ്ങൾ അഭിനയിച്ചതു ഹൃദ്യമാകുന്നു. പിന്നെ ഹൃദ്യമായാലത്തെ കാൎയ്യം പറയേണമോ? അതിനാൽ നിങ്ങൾക്കിഷ്ടമുള്ളതുതന്നെ ഞങ്ങൾക്കും ഇഷ്ടം. പക്ഷെ ദേവി, ആ യോഗശ്രീ എന്നു് അങ്ങു പറഞ്ഞതിൽ (സന്ധിച്ചേൎക്കുമ്പോൾ) വ്യാഘ്രയോഗമെന്നു് ഉപശ്രുതിയുണ്ടായി. "അങ്ങയ്ക്കു വിജയലബ്ധി ഭവിക്കട്ടെ" എന്നു്.

സൂത്ര—(സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി) എന്റെ മനോരഥസഞ്ചാരത്തിന്നു് ഇവരുടെ ആജ്ഞാമാൎഗ്ഗം രമണീയമാകുന്നു. (ശ്ലാഘിച്ചുകൊണ്ടു്) "വിജയലബ്ധി ഭവിക്കട്ടെ" എന്നുള്ള ആശീൎവ്യാജത്താൽ രൂപകത്തിന്നു് അൎജ്ജുനനേതൃത്വംകൂടി സൂചിതമായി. അതിനാൽ, മാരിഷ! 'കിരാതാൎജ്ജുനീയവ്യായോഗം' അഭിനയിക്കാം. അതിലാകട്ടെ,

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഇതിന്റെ കൎത്താ—രവിവൎമ്മൻ,
വെൽവൃതാൻ പുണ്യവൃത്തം വിജയി വിജയനാം നായകൻ ചേൎന്നിണങ്ങി;
പോരാ സ്വാമിപ്രസന്നൻ കപടകുതുകിയാം പാൎവ്വതീനായകൻതാൻ,
സഭ്യന്മാരോ മഹാപണ്ഡിതരുമഭിനയത്തിന്നു സൎവ്വം സഹായം. ൪

അതിനാൽ പോവുക. വേഷക്കാരെയെല്ലാം ഒരുക്കുക.

(അണിയറയിൽ) അഹോ! അബദ്ധം! അബദ്ധം!

കിരാതന്മാർ കേറിഗ്ഗിരിഗുഹ-
മഥിച്ചപ്പൊളതിൽനി-
ന്നിതാ സാക്ഷാൽ വിദ്ധ്യാകൃതിയൊരു
കരിമ്പന്നിയിളകി
തപോയോഗാൽ കാണും ശിവനിൽ
മതിനില്ക്കും വിജയനെ-
പ്പിളന്നീടാൻ ദോഷാകരനെയി-
രുളെന്നോണമണവൂ. ൧

സൂത്ര—ഐ! നടകുമാരൻ ആകാശചാരികളുടെ നിലവിളി ആരംഭിച്ചുകഴിഞ്ഞു. (അണിയറയിൽ വീണ്ടും മറെറാരു ലഹള.)

ദൂരെപ്പോക പുളിന്ദരേ, ലഹളനി-
ത്തിക്കൊൾകിവൻ പന്നിയ-
ല്ലാപ്പാത്ഥൻെറ വധത്തിന്നായി വരുമാ-
മൂകാസുരൻതാൻ ദൃഢം;
കാന്തേ! സംഭ്രമമേന്തിടായ്കതിവപു-
സ്സാമീയിവൻ, കാൺക പിൻ
ഭാഗേമച്ചലലക്ഷ്യവേദ്ധ്യപടുബാ-
ണത്താൽ പിളക്കപ്പെട്ടും. ൨

സൂത്ര—അഹോ! ഇതു സദാരനായ കിരാതരുദ്രൻെറ ഉദാരഗാംഭീരമായ വചനമാകുന്നു.

(വീണ്ടും മറെറാരിടത്തു് അണിയറയിൽ)

ആശ്ചൎയ്യം! സുകൃതം വിജയിച്ചിരിക്കുന്നു. എന്തെന്നാൽ,

ദൈവാല്ലുണൎന്നപടി കണ്ടവനെത്തഴച്ച
യോഗം വെടിഞ്ഞുടനെ ഗാണ്ഡിവഘോരമൂൎത്തി
ബീഭത്സു പന്നിയുടെ മേനി പിളൎന്നു മുമ്പെ
നിന്ദിച്ചിട്ടംപടിയടുത്തുവരുന്നു മെല്ലെ. ൧

(അനന്തരം നിൎദ്ദേശിച്ചപ്രകാരം അൎജ്ജുനൻ പ്രവേശിക്കുന്നു)

അൎജ്ജു—(അറപ്പോടുകൂടി) കഷ്ടം! തപസ്സിന്നു വിപരീതമായ കൎമ്മം ചെയ്തുവല്ലോ.

സൂത്ര—അഹോ! എന്റെ സഹോദരനായ സുദൎശനൻ നായകവേഷം ധരിച്ചു പ്രവേശിച്ചു എന്നു തോന്നുന്നു. അതിനാൽ ഞാനും അനന്തരകൃത്യത്തിന്നു് ഒരുങ്ങട്ടെ. (പോയി)

(പ്രസ്താവന കഴിഞ്ഞു.)

അൎജ്ജു— അഹിംസാ പരമാം ധൎമ്മം
താപസൎക്കതു മുഖ്യമാം
മുനിവൃത്തിയെഴും ഞാനീ
വേടന്റെ തൊഴിൽ ചെയ്തുപോൽ. വൃ

അല്ലെങ്കിൽ ഇപ്രകാരമുള്ള ആപത്തുകളിൽ എന്താണു നിവൃത്തി? അതുമല്ല, ആത്മരക്ഷണമാണല്ലൊ തപശ്ചൎയ്യയുടെ ജീവനാഡി. (മുന്നോട്ടു നോക്കി ആശ്ചൎയ്യത്തോടുകൂടി) അഹോ! ഇതെന്തു്?

ബാണം തറച്ചു മുറിവേററു പതിച്ചിടുമ്പോൾ
കോലത്വമററസിതമാമലതുല്യനിവൻ:
ദേവത്വവും ദനുജഭാവവുമാർന്നിതൊപ്പം
(ഓർമ്മിച്ചതായി നടിച്ചിട്ട്)

ദുര്യോധനപ്രിയസഖാവിതു മൂകനല്ലോ.

അതിനാൽ ദുർബുദ്ധിയും ദേവദ്രോഹിയുമായ ഇവൻെറ വധവും ഭവാനീപതിയായിരിക്കുന്ന ഭഗവാനു സവിശേഷമായ ആരാധനമായിത്തന്നെ ഭവിക്കും,

(അനന്തരം കിരാതവേഷന്മാരായ പാർവ്വതീപരമേശ്വരന്മാർ പ്രവേശിക്കുന്നു.)

കിരാതൻ—പ്രിയേ! പാർത്ഥൻെറ വില്ലാളിത്വം കണ്ടുവോ?

ഇവനാകട്ടെ, ഞാൻ പ്രയോഗിച്ച ബാണം കൊണ്ടു കിടിപൃഷ്ഠം പിളക്കപ്പെട്ടപ്പോൾത്തന്നെ, സമാധിയിൽ നിന്നു വിരമിച്ചു, കണ്ണു തുറന്നു.

വില്ലങ്ങെടുത്തുടനെ ഞാണു വലിച്ചുകെട്ടി-
യമ്പും തൊടുത്തിവനെഴും മുഖമുന്നമാക്കി,
ത്സായകത്തൊടു പരം സമമെന്നവണ്ണം
തല്ലാതിമെയ്യതു പിളൎന്നു ചിരിച്ചുകൊണ്ടേ.

കിരാതി—ആര്യപുത്ര! വത്സൻെറ ആശ്ചര്യകർമ്മം കണ്ടു, കണ്ടു.

അർജ്ജു—(നോക്കീട്ട്) അഹോ! വളരെ അകലെയല്ലാതെ ഇതാ നായാട്ടിൽ അത്യുത്സാഹികളായ കാട്ടാളസേനകളുടെ കമനീയമായ കൃത്താട്ടം. അതായത്—

ഗത്തത്തിങ്കൽ ചരിച്ചും വലിയ ഹിമശിലാ-
പൃഷ്ഠമങ്ങാശ്രയിച്ചും,
താഴ്വാരത്തിൽ തെറിച്ചും, നിബിഡതരുഗണ-
ത്തിൻെറ മദ്ധ്യേ പതിച്ചും

സത്വൌഘത്തേ മുടിച്ചും പരമിളകിന വാഠം-
പോലെ നീലച്ചു പൊങ്ങും
കാളിന്ദിക്കൊത്തവണ്ണം ശബരഭടർ പര-
ക്കുന്നിതിക്കാട്ടിലെങ്ങും· ൧൧

അത്രതന്നെയല്ല,

ആകാശം ലഹളമയം,
വലിയകൊടുങ്കാട്ടു ക്രൂരിരുട്ടുമയം,
എങ്ങും മൃഗമൃതിമയമീ-
മട്ടാക്കീ വേട്ടയാടി വേടന്മാർ. ൧൨

(ആശ്ചര്യത്തോടുകൂടി) ഈ കിരാതന്മാരുടെ മുമ്പിൽ,

നീലക്കല്ലൊളിമെയ്യെഴും പ്രിയയൊത്തം
ഹേമോജ്ജ്വലൽപ്രാംശുവാ-
ദ്ദേവൻ ചാപശരങ്ങളേന്തി, പര-
ക്രീഡാർത്ഥൻപോലവേ.
കാട്ടാളപ്പടയേ നയിച്ചു മൃഗഹിം-
സാക്ഷിപ്തരൂക്ഷേക്ഷണൻ,
ശൃംഗാരാത്ഭുതവീരരൌദ്രമിടചേ-
ന്നോനാർ കിരാതാകൃതി? ൧൩

അല്ലെങ്കിൽ, ജീവലോകം വിചിത്രമാണല്ലോ. അത്രതന്നെയല്ല, ദിവ്യലോകസഞ്ചാരയോഗ്യമായി, ഗൌരീപിതാവായിരിക്കുന്ന ഈ ഹിമവാൻപർവ്വതത്തിൽ എന്താണസംഭാവ്യമായിട്ടുള്ളതു്? ആട്ടെ, ഈ നിരൂപണം കൊണ്ടു് എന്തു കാര്യം? പ്രകൃതത്തെത്തന്നെ അനുസരിക്കാം. ഇപ്പോൾ ഗംഗാനദിയിൽ ആചമനം ചെയ്തിട്ടു വീണ്ടും യോഗം അനുഷ്ഠിക്കതന്നെ. (ചുററി നടക്കുന്നു)

കിരാതി—ആൎയ്യപുത്ര! ഇതാ ഉണ്ണി വീണ്ടും തപസ്സുചെയ്യാൻ ഭാവിക്കുന്നു. അതുകൊണ്ടു നമുക്കു വേഗം ചെന്നു് ഇഷ്ടമുള്ള വരം കൊടുത്തു് അവനെ സന്തോഷിപ്പിക്കുക.

കിരാതൻ—ഹേ, വാത്സല്യശീലേ! കിരാതവേഷം സ്വീകരിച്ചതിന്റെ പ്രയോജനം നീ മറന്നോ? അതുകൊണ്ടു ഞാനിവനെ തപോമാൎഗ്ഗത്തിൽനിന്നു തിരിച്ചു വീരമാൎഗ്ഗത്തിലാക്കിക്കളയാം.

(ഉറക്കെ) അല്ലയോ താപസാകൃതെ! നില്ലു. ചിലതു ചോദിക്കട്ടെ.

എന്മട്ടാർ കുലധൎമ്മമായ മൃഗയ-
യ്ക്കൊക്കും മൃഗം തിങ്ങുമി-
സ്ഥാനേ, മാമുനിവേഷമായ ജടയും
വല്ക്കലംതോലും പുറത്താന്നു നീ
ആരയ്യോ! ബകതുല്യമക്ഷിയുമട-
ച്ചിങ്ങെത്തിടും പ്രാണിയെ-
ക്കൊന്നീടുന്നതിനായിരുന്നു, ദുരിതം
നേടുന്ന പുണ്യസ്ഥലേ?

അൎജ്ജു—(കേട്ടിട്ടു്) ഓഹോ! ഈ ശബരവീരന്റെ ഈ ശ്രേഷ്ഠവചനം എന്നെക്കുറിച്ചാണെന്നു തോന്നുന്നു. അതിനാൽ ശരിയായ ഉത്തരം പറഞ്ഞിട്ടുവേണം പോകാൻ. (തിരിഞ്ഞു നോക്കീട്ടു്) ഞാൻ ഋഷിജനങ്ങൾക്കനുചിതമായ കൎമ്മം ചെയ്യുവെന്നു് അങ്ങു പറഞ്ഞതു ശരിതന്നെ. എന്നാൽ ഞാൻ കേവലം ഒരു ഋഷിമാത്രമല്ല. ശത്രുസംഹാരത്തിന്നുള്ള ശക്തി സമ്പാദി

ക്കുവാൻ തപസ്സു ചെയ്യുന്ന ഒരു ക്ഷത്രിയൻതന്നെയാണു്.

ദുർജ്ജന്തുഹിംസ കുലധർമ്മമതാം നൃപക്കി-
ന്നൊട്ടില്ല പാപമതിലെന്നുമറിഞ്ഞുകൊൾക
വ്യത്യസ്തമാകിന മുനിവ്രതമായതിന്നു-
മാപത്തിതിങ്കലിതു തീരെ വിരുദ്ധമല്ല.

കിരാതൻ—(അനുനയത്തോടുകൂടി) ആട്ടെ, അങ്ങനെയാണെങ്കിൽ ദുഷ്ടജന്തുഹിംസ എന്ന കർമ്മസാമ്യത്താൽ ഭവാൻ ഞങ്ങളുടെ സഖാവാകുന്നു. അതിനാൽ ഞങ്ങൾക്കു ചിലതു ചോദിക്കുവാനുണ്ടു്. ഞങ്ങളെ അടുത്തുവന്നു സംസാരിക്കുവാൻ അനുവദിച്ചാൽ കൊള്ളാം.

അർജ്ജു—ആകട്ടെ, എന്താണു ദോഷം. ഇഷ്ടംപോലെ ചോദിച്ചുകൊൾക.

(കിരാതന്മാർ അടുത്തു ചെല്ലുന്നു.)

അർജ്ജു—(വിചാരം) ആശ്ചര്യം! ശ്രേഷ്ഠരൂപികളായിരിക്കുന്ന ഇവർ കേവലം കിരാതന്മാരല്ല.

കിരാതൻ—അയേ! അങ്ങു് ആരാണു്? അങ്ങയുടെ ശത്രുക്കളാരാണു്? അവരെ ജയിക്കുവാൻ രാജനീതിപ്രതിപാദിതമായ ശക്തിത്രയം മതിയാകയില്ലെന്നു വച്ചു്, അങ്ങു ശാപായുധശക്തിയെ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നതുപോലെ തോന്നുന്നു.

അർജ്ജു—അഹോ! ഈ ചോദ്യം പരിഹാസഗർഭമത്രെ. (ചിരിച്ചുംകൊണ്ടു്) അല്ലയോ ശബരരാജ! ഇപ്പോൾ

വിസ്തരിക്കാൻ സമയമില്ല. ചുരുക്കത്തിൽ കേട്ടു കൊൾക.

ഉണ്ടല്ലോ സോമവംശേ കുരുനൃപതികളിൽ
പാണ്ഡുപുത്രാദ്ധൃതരാഷ്ട്ര-
ന്മാരെന്നീ രണ്ടു വർഗ്ഗം, പ്രഥമരപരരാൽ
വ്യാജവൃത്ത്യാ ജിതന്മാർ,
കാട്ടിൽ പാർക്കുന്നു; പാരം ബലമിയലിന ശ-
ത്രുക്കളോടുള്ള നിർജ്ജയാർത്ഥം
സേവിപ്പൂ ജിഷ്ണുവാം ഞാൻ ശിവനെയരിയ ദി-
വ്യാസ്ത്രലാഭത്തിനായി.

കിരാതൻ—(പരിഹാസത്തോടുകൂടി; ധാരാളം കേട്ടിട്ടുണ്ടു്. എല്ലാവിധത്തിലും നിന്ദ്യകർമ്മാവും പൌരുഷം കെട്ടവനുമായ ആ ബീഭത്സു തന്നെയാണു് അങ്ങു്. അതിനാൽ ഞങ്ങൾ നിങ്ങളോടു സംസാരിക്കുന്നതുതന്നെ യുക്തമല്ല. ഇഷ്ടംപോലെ തപസ്സുചെയ്യാൻ പൊയ്ക്കൊൾക. അതുതന്നെയാണു നിനക്കു യോജിച്ചതു്. വീരവാദമല്ല.

അർജ്ജു—(ചിരിച്ചുംകൊണ്ടു്) നിന്നേപ്പോലെയുള്ളവർക്കു സംസാരിക്കാൻപോലും വെറുപ്പുതോന്നത്തക്കവണ്ണം ബീഭത്സുവിലുള്ള ആ നിന്ദ്യകർമ്മവും പൌരുഷക്കേടും എന്താണു്?

കിരാതി—(സ്വകാര്യമായി) ഉണ്ണിയുടെ ശാന്തത ആശ്ചര്യംതന്നെ. നിന്ദിതനായിട്ടും സൌമ്യഭാവത്തോടുകൂടി സംസാരിക്കുന്നുവല്ലോ.

കിരാതൻ—സുമുഖി! കണ്ടോളൂ. ഇവന്റെ ശാന്തതയെ ഇപ്പോൾ ക്ഷോഭിപ്പിക്കാം. (ഉറക്കെ) എടോ! കഷ്ടം! പറയാൻപോലും എന്റെ നാവു ലജ്ജിക്കുന്നു. എന്നാലും നിന്ദ്യകർമ്മം ചിലതു കേട്ടുകൊൾക.

വിദ്യാഭ്യാസം കഴിഞ്ഞതാമൃഗവധകുതുകാൽ
ദ്രോണശിഷ്യാഗ്രഗണ്യ-
മ്മന്യൻ, തൻകൂട്ടരൊത്തങ്ങൊരു ദിശി ബത!
കാട്ടാളനോടേററു തോററു
ദ്രോണൻതൻ ശിഷ്യനാണെന്നറികെ വെറുതെ നീ
ദക്ഷിണാകൈതവത്താൽ
വെട്ടീ മുമ്പേകലവ്യന്നുടെ വലതു കരത്തി-
ന്റെയംഗുഷ്ഠമയ്യോ!

അർജ്ജുനൻ—അല്ലയോ സ്വജാതിപക്ഷപാതിൻ! അതിലെന്താണെനിക്കു തെററു? ആ മഹാവീരന്റെ അതിയായ ഗുരുഭക്തിക്കുതന്നെയാണു തെററു്.

കിരാതി—ഇവൻ പറയുന്നതു ശരിയാണു്. വേണമെങ്കിൽ മററു വല്ലതും പറയൂ.

കിരാതൻ—ആ്. അതിരിക്കട്ടെ, മുനിവേഷധാരികളായിരിക്കുന്ന ചാരന്മാർ മുഖാന്തിരം വേറെ ചിലതുക്രൂടി ഞാൻ കേട്ടിട്ടുണ്ടു്. അതു പറയാം.

മുമ്പേതന്നെ യുധിഷ്ഠിരൻ, പുനരഹോ! ഭീമൻ,
ഭവാൻ, പിന്നെ നിൻ
ഭ്രാതൃദ്വന്ദ്വ,മിവണ്ണമൊത്തൊരുവളെ-
ക്കൈക്കൊണ്ടിതെല്ലാവരും

അയ്യോ കഷ്ട!മശ്രുതപൂൎവ്വമിതുപോൽ
സൌഭ്രാത്രമെങ്ങുണ്ടിതിൽ
തീൎപ്പുണ്ടാക്കിയതമ്മയത്രെ,യവളോ
നാനാപതിപ്രേയസി.

അൎജ്ജു—വാസ്തവമറിയാത്തവരും കേട്ടതുമാത്രം പ്രലപിക്കുന്നവരുമായ ജനങ്ങൾ ഇങ്ങനെയല്ലെ പറഞ്ഞു പരത്തുന്നതു്! മഹാന്മാർ കൂടി തെററിദ്ധരിക്കുന്നു. വാസ്തവത്തിൽ ഞങ്ങൾ അഞ്ചുപേരും അഞ്ചുപേർകൂടിയതാണു്. അയോനിജയായിരിക്കുന്ന പാഞ്ചാലിസത്യമായിട്ടും ഏകപത്നിതന്നെയാണു്. ദേവിയായ കുന്തിക്കും ദേവന്മാരുടെ സമാഗമം ദോഷമല്ല. സൎവ്വജ്ഞനായ വേദവ്യാസൻതന്നെയാണു് ഇതിന്നു പ്രമാണം.

കിരാതൻ—(കൈകൊട്ടിച്ചിരിച്ചുംകൊണ്ടു്) അത്ഭുതംതന്നെ! "ബ്രഹ്മഹത്യക്കാരന്നു ഗോഹത്യക്കാരൻ സാക്ഷി" എന്നതും ശരിയായി.

ഏതോ വിടന്മുനിയിൽ നിന്നൊരു മുക്കുവത്തി
പെറെറാൻ, കനിഷ്ഠനുടെ കാന്തകളായു് രമിച്ചോൻ
വ്യാസൻ പ്രമാണമിഹ ധൂൎത്തജനാന്വയങ്ങൾ-
ക്കെന്നെന്നൊടിന്നു പറവാനൊരു നാണമില്ലേ?

അൎജ്ജു—(കോപം അടക്കുന്നതായി നടിച്ചു്) അപ്പയോ കാട്ടാള! ഇതു ശരിയല്ല. സാക്ഷാൽ കൃഷ്ണദ്വൈപായനനെപ്പോലും ആദരിക്കുന്നില്ലല്ലൊ.

യോഗാചാൎയ്യൻ, സമസ്തശ്രുതികളുമറിവോൻ
സൽപുരാണാഗമങ്ങൾ—

ക്കെല്ലാം കത്താവു ധീമാൻ കവി മഹിതമെഹാ-
ഭാരതം തീത്ത വമ്പൻ,
പോരാ പാരം സുഖം ചേത്തിട്ടമരിയൊരു വേ-
ദാന്തസൂത്രം ചമച്ചോൻ,
വേദവ്യാസൻ മുനീന്ദ്രൻ, പറക പറകെവ-
ന്നാകയില്ലാ പ്രമാണം. ൨൦

അതിനാൽ അധികം പറഞ്ഞതു മതി. മഹന്നിന്ദ ഭാവിയിൽ അശുഭകരമായേ തീരൂ.

കിരാതൻ—(സ്വകാര്യമായി) പ്രിയേ! വിജയൻെറ ശാന്തത കോപംനിമിത്തം കുറഞ്ഞൊന്നു മാറിയതുപോലെ തോന്നുന്നു. അതിനാൽ ഇയ്യാളുടെ കോപാഗ്നിയെ ഒന്നുകൂടി ജ്വലിപ്പിക്കാം.

കിരാതി—ഉണ്ണിയുടെ കോപംകൊണ്ടു ചുവന്ന മുഖവുമൊന്നു കാണാമല്ലോ.

കിരാതൻ— (പരിഹാസത്തോടുകൂടി ചിരിച്ചുംകൊണ്ടു്) ഹാ! ഹാ! എന്തു്? അശുഭകരമായിബ്ഭവിക്കും അല്ലേ? ഈ വാദം ഇവിടെ നില്ക്കട്ടെ. മറെറാന്നുകൂടി പറയാം.

ഭോഷ്ക്കാ,പ്പെൺകൊല, പാൽക്കവെച്ചു,യിവയിൽ
പേർകേട്ട ഗോഘാതിയായ്,
ഗോപസ്ത്രീജനജാരനായ്, നിജബലാ-
ത്തന്മാതുലധ്വംസിയായ്,
ഗോപാലാധമനായിരിക്കുമൊരുവൻ
തൻപെങ്ങളെക്കൈതവാൽ
സന്യാസാകൃതിയായ് ഹരിച്ചിതിനിയും
നിന്ദാഹനല്ലല്ലി നീ.

അൎജ്ജു—(കോപത്തോടുകൂടി) എടാ! ഭഗവാനായിരിക്കുന്ന വാസുദേവനെക്കൂടി പ്രാകൃതനെപ്പോലെ വിചാരിക്കുവാൻമാത്രം അത്ര കേമനായോ? എടാ! മൂൎഖാ!

നേരേതന്നെ ദശാവതാരമതിനാൽ ക്രീഡിക്കുമാവിഷ്ണുത-
ന്നെട്ടാം മൂൎത്തിയെ നീ ദുഷിച്ചൊരു മഹാ-
പാപത്തിനിപ്പോളുടൻ
തൻകയ്യൂക്കു തപസ്വിവൃത്തികൾ നിയ-
ന്ത്രിക്കായ്കിൽ വായ്ക്കും ബലാൽ
മൎമ്മം കീറിടുമമ്പുകൊണ്ടു പകരം
ചെയ്തീടുമീഫൽഗുനൻ.

കിരാതൻ—(ചിരിച്ചുംകൊണ്ടു്) ഓഹോ! ഞങ്ങളോടും അസ്ത്രകഥയെപ്പററി ഘോഷിക്കുന്നുവോ? അല്ലയോ തപസ്വിൻ! നിങ്ങളേപ്പോലെ ആണത്താം കെട്ടവൎക്കു് അസ്ത്രങ്ങളെക്കൊണ്ടു് എന്തുകണ്ടു പ്രയോജനമുണ്ടു്? കഷ്ടം! ഇതു പ്രസിദ്ധമല്ലേ?

അഞ്ചാൾക്കും പ്രിയപത്നിയെക്കുരുനൃപൻ
കല്പിച്ചു ദുശ്ശാസനൻ
കേശത്തിൽ പിടികൂടി നിങ്ങളുടെയ-
ക്കൺമുമ്പിൽവച്ചങ്ങനെ,
വീണ്ടും വീണ്ടുമുരസ്സടിച്ചവൾ സഭാ-
മദ്ധ്യേ കരഞ്ഞീടവേ,
വസ്ത്രം ചെന്നു വലിച്ചിഴച്ച സമയം
കണ്ടു ഭവൽപൌരുഷം.

അർജ്ജു—എടാ! ഞങ്ങൾക്കു പൌരുഷമില്ലെന്നാണോ നിന്റെ വിചാരം? അതങ്ങനെയല്ല.

സത്യംതാൻതന്നാമന്നനാം ധർമ്മപുത്രൻ,
ഭൃത്യന്മാരാമീ ഞങ്ങളേ ഭാർയ്യയോടേ,
ചൂതിൽ തോററീട്ടാക്രൃത്യമാക്കീലയെന്നാ-
ലന്നേ കേട്ടേനേ ഞങ്ങൾതൻ പൌരുഷത്തെ. ൨൪

കിരാതൻ—(കേൾക്കാത്ത ഭാവത്തിൽ) അതും പോരാ, നിന്റെ പൌരുഷം സമ്പാദിപ്പാനുള്ള ഉപായവും അപ്രകാരംതന്നെ.

കഷ്ടം! പാതി വപുസ്സു പെണ്ണപഹരി-
ച്ചോനായ്, നദീജാരനായ്,
തെണ്ടിക്കിട്ടിയതുണ്ടു, നഗ്നവട്ടിവായ്-
ശ്മശാനസദനായ്
മൂർദ്ധാരാധിതനായി ശ്ലേഷ്മവശനാം-
മേതോഹതൻ ദേവനെ-
സ്സേവിച്ചാലനിവാർയ്യശത്രുമഥനം
സാധിക്കുമെന്നോർപ്പൂ നീ.

അർജ്ജു—(അതികോപത്തോടുകൂടി) എടാ കാട്ടാളക്കഴിയ! എന്തു്? എന്തു്? ഭഗവാൻ അഷ്ടമൂർത്തിയെക്കൂടി അധിക്ഷേപിക്കുന്നുവോ? അതുകൊണ്ടു് ഇനി നീ ഇരിക്കയില്ല.

കിരാതി—ആർയ്യപുത്ര! നോക്കു! നോക്കു: ഈ ഉണ്ണി അർജ്ജുനൻ അങ്ങയുടെ ആത്മനിന്ദാപരമായ വാക്കു കേട്ടിട്ടു കത്തിജ്വലിച്ച കോപാഗ്നിനിമിത്തം, ശാന്തത നിശ്ശേഷം നശിച്ചും, നവശോണിതംപോലെ

ചുവന്നും, ഭയങ്കരമാംവണ്ണം പുരികം വളഞ്ഞും ഇരിക്കുന്ന മുഖത്തോടുകൂടി ആളു മാറിയപോലെ തോന്നുന്നു.

കിരാതൻ—പ്രിയേ! എൻെറ നിന്ദ കേട്ടാൽതന്നെ സഹിക്കവെയ്യാത്ത എൻെറ ഭക്തന്മാരുടെ സ്വഭാവമാണു്. (ചിരിച്ചുകൊണ്ടു്) പോരാ; ഇവൻ കോപഭാവം കൊണ്ടു ഭവതിയുടെ ഒരവസ്ഥാഭേദത്തെക്കൂടി ഓൎമ്മിപ്പിക്കുന്നു.

നിന്നാശ്രമസ്ഥലമണഞ്ഞു വടുച്ഛലാൽ ഞാ-
നെന്നെദ്ദൂഷിച്ചു പലതും പറയുന്ന നേരം,
നേത്രം ചുമന്നധരമൊട്ടു വിറച്ചുമുള്ള
രക്താനനാഭയെ വഹിച്ചിതതോൎമ്മയുണ്ടോ?

കിരാതി—(ലജ്ജയോടുകൂടി) അങ്ങനെയായിരുന്നു.

അൎജ്ജു—എടാ, എടാ! ദുഷ്ടശബര!

എന്തിച്ചൊൽവതു സൎവ്വലോകമയനാം
ദേവൻ ഗിരീശൻെറയും
ദോഷംകൂസൽ വെടിഞ്ഞു ഗാണ്ഡിവധരൻ:
വീരൻ ശ്രവിച്ചീടവേ:
അംഗംതോറുമിതാ ഭവാനെ വിജയൻ
ബാണങ്ങളാലിന്നു ഭൂ-
രക്തത്താലെ നനച്ചുടൽ പിശിതഭുക്കു്-
ജാതിക്കൊരൂണാക്കിടും.

കിരാതൻ—(ചിരിച്ചുകൊണ്ടു്) ഇന്ദ്രപുത്ര! വെറുതെ കോപിക്കുന്നതെന്തിന്നു്!

പ്രവൃന്ദം. ഇതിന്നൊരു യഥാൎത്ഥമെന്നിഹ നിന-
ച്ചുരച്ചേനഹോ!
ഭവാനിതില്പുടൻ പെരുത്തരിശമാ-
ന്നതെന്തൎജ്ജുന!
തപസ്വികളിലാൎന്നിട്ടും സുലഭകോ-
പമോ ചണ്ഡനാ-
മുമേശനുടെ സേവതൻ പരമമാം
ഫലംതന്നെയോ?

അൎജ്ജു—എടാ ദുഷ്ടാ! എന്നെ നിന്ദിച്ചതു പോട്ടെ. ജ്യേഷ്ഠന്മാരെ നിന്ദിച്ചതും ശമപ്രാധാന്യംനിമിത്തം ഞാൻ സഹിച്ചിരിക്കുന്നു. വ്യാസമുനിയെ പരിഹസിച്ചതും അത്ര കോപകാരണമായില്ല. ഭഗവാനായിരിക്കുന്ന മുകുന്ദൻെറ നിന്ദകൊണ്ടു പ്രക്ഷുബ്ധവും ശ്രീപരമേശ്വരൻെറ ദൂഷണംകൊണ്ടു് ഉദ്ദീപിതവുമായ കോപാഗ്നിയുടെ ആവേഗം ആർ സഹിക്കും?

അപനയമിയലും നിൻ ശിക്ഷണത്തിന്നു കോപം
പെരുകിയ വിജയൻതാൻ ശക്തനല്ലെന്നുവന്നാൽ.
അരിശമതു മനസ്സിൽതാൻ ലയിച്ചേക്കുമെന്നാൽ
സുരവരനുടെ പുത്രൻ ശക്തനുണ്ടോ സഹിപ്പൂ. ൮൩

അതിനാൽ തീൎച്ചയായും അൎജ്ജുനകോപത്തിൻെറ ഫലം അനുഭവിക്കും. എന്നാൽ,

"മൂൎഖൻ പണ്ഡിതമൗനി കഷ്ടമിഹ ഞാൻ-
ചൊന്നൊരു ദുൎവ്വാക്കു നി-
ശ്ശേഷം താങ്കൾ പൊറുക്കു"കെന്നു കഴലിൽ
കുമ്പിട്ടു യാചിക്കെടോ

അല്ലെങ്കിൽ തവ ജീവരക്തമുടനീ
ഗാണ്ഡീവമപ്പിച്ചിട്ടു
നാരാചം നിറയെക്കുടിച്ചു നെടുമം-
ഗല്യം പ്രിയയ്ക്കറവപോം.

കിരാതി—അഹോ! ധനഞ്ജയൻ കോപത്താൽ വളരെ യധികം ജ്വലിച്ചിരിക്കുന്നു.

കിരാതൻ—(പരിഹാസത്തോടുകൂടി) അയ്യോ കഷ്ടം! നിന്റെ അറിവില്ലായ്മ കേമംതന്നെ. ഞങ്ങൾ നിന്നോടു ക്ഷമായാചനം ചെയ്യേണമെന്നു വിചാരിക്കുന്നുവല്ലോ! പക്ഷെ ഇത്രയായിട്ടും ഈജനത്തെ അറിയുന്നില്ലായിരിക്കും.

പനിമലയൊടു ബന്ധപ്പെട്ട വേടത്തിയാംതൻ
പതി, നിതഗിരി വാഴും വേടരാട്ടാകുമുഗ്രൻ,
അരികളടവി തെണ്ടിപ്പിച്ചൊരാത്താപസൻ നീ
കുപിതനിതി ഭയത്താൽ കാക്കൽ വീഴേണമെന്നോ?

ഇനി നിനക്കു യുദ്ധംചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽ ഞങ്ങൾ അതിന്നും തയ്യാറാണ്; കണ്ടുകൊൾക.

മുമ്പേതാൻ കല്ലയോന്നി നല്ല ദൃഢമാം
താലത്തിനൊക്കുന്നു വി-
ല്ലീനാനാതരതീക്ഷ്ണബാണനിരയോ
ദുജ്ജന്തുശത്രുക്കളാം;
എന്നാലീയിവയേറനാളിഹ തപ-
സ്സാണ്ടിട്ടു ശോഷിച്ചതാം
നിന്നെ കീറിയ ലജ്ജയാൽ ഭുവി ജവാൽ
താണേയ്ക്കുമെന്നോപ്പു ഞാൻ.

അൎജ്ജു—(കരുണാഭാവം നടിച്ചുകൊണ്ടു്)

ശസ്ത്രജ്വാലകൾ ചൂഴ്ന്ന ധനഞ്ജയനിലങ്ങെടോ
പാറാപോലെ പതിക്കും നീയയ്യോ! മോഹാൽ നശിച്ചിടും.

കിരാതൻ—വെറുതെ പ്രലപിച്ചതു മതി, സംശയം തീൎക്കുന്ന യുദ്ധം സമീപിച്ചുവല്ലോ. വിനാശമോ വിജയമോ എന്നവിടെക്കാണാം.

അൎജ്ജു—നീ യുദ്ധത്തിന്നൊരുങ്ങുകയാണെങ്കിൽ ഈ കിരാതിയോടു ദീൎഘവിരഹത്തിന്നു യാത്ര പറഞ്ഞേക്കു.

കിരാതൻ—എടോ! വീരമ്മന്യ! ഞങ്ങളുടെ ഈ ജാതി, വീരവ്രതാനുഷ്ഠാനങ്ങളിൽ ദാരങ്ങളോടു യാത്ര പറഞ്ഞിട്ടുതന്നെയാണിരിക്കുന്നതു്. പക്ഷേ

വായ്‌വട്ടാതെ പിളൎന്നപോൽ ഗുഹകളാൽ,
വൻകുന്നിലെച്ചോലതൻ
ചാട്ടത്താൽ ചിരിപൂണ്ടപോലെ, ലറിടും
പോൽ ജന്തുശബ്ദങ്ങളാൽ,
മാനം മൂടിയപോലുയൎന്ന തരുവാൽ
മാഞ്ഞും കരിമ്പാറയും
പുറവും ചേൎന്നതി ദുൎഗ്ഗമം പൊരുതുവാ-
നാകാത്തതാണിസ്ഥലം.

അതിനാൽ ഇവിടം വിട്ടു മാറി ധാരാളം പച്ചപ്പുൽ നിറഞ്ഞ മൃദുവായ മേൽഭാഗത്തു കേറി ധനുൎവ്വേദദേവതയെ ആരാധിക്കാം.

അൎജ്ജു—അങ്ങിനെതന്നെ (രണ്ടുപേരും ഉറച്ചുചവിട്ടിക്കൊണ്ടു ചുററിനടക്കുന്നു)

കിരാതി—(പിന്നാലെ ചെന്നു്) നാഥ! സാഹസിക! ത്വ
ല്പാദഭക്തയായിരിക്കുന്ന എന്നെ മറക്കരുതു്.

കിരാതൻ—(തിരിഞ്ഞു നോക്കി ചിരിച്ചുകൊണ്ടു്) പ്രി
യേ! കോപിക്കരുതു്. വീരധമ്മാനുഷ്ഠാനത്തിൽ മന
സ്സുവെച്ചിരിക്കുന്ന എനിക്കു കുറച്ചുനേരം ഭവതിയെ
അനാദരിക്കേണ്ടതായിവന്നിരിക്കുന്നു. അതുകൊണ്ടു്
ഇവിടെവെച്ചുതന്നെ തിരിച്ചു പൊയ്ക്കൊള്ളൂ. ക്ഷണം
കൊണ്ടു് ഇവൻെറ ഗവ്വടക്കി ഭവതിയെ ഇഷ്ടംപോ
ലെ സന്തോഷിപ്പിക്കാം.

കിരാതി—അങ്ങു് അങ്ങനെ ഉറച്ചുവെങ്കിൽ ആ വരദാ
നമഹൂത്തം കാത്തുകൊണ്ടു കുറച്ചുനേരം ക്ഷമിക്കാം.

കിരാതൻ—ഇതാ നന്ദികേശ്വരൻ ഭവതിക്കു മദ്ധ്യസ്ഥനാ
യിരിക്കും. (അജ്ജുനനോടു്) എടാ! ധനഞ്ജയാ! വ
ന്നോ, വന്നോ.

അജ്ജു—ഞാനിതാ വന്നുകഴിഞ്ഞു. (രണ്ടാളും അന്യോ
ന്യം) എടാ നില്ക്കു് നില്ക്കു്.

ബാണത്താൽ മുറിവിയലുന്ന മൈ നിണത്താ-
ലാർദ്രത്വം പെരുകിന മാംസമാന്നു നിന്നെ
വെട്ടിക്കൊണ്ടതിപിശിതപ്രിയം പെട്ടന്നാ-
ക്കാളിക്കിന്നുരുതരതൃപ്തി ചേത്തിടും ഞാൻ. ൩൫

(എന്നു രണ്ടാളും പോയി)

നന്ദി—(കാട്ടാളവേഷത്തോടുകൂടി പ്രവേശിച്ചിട്ടു്) സ്വാ
മിനി! അവിടുന്നു തൃക്കൺപാത്താലും. ഈ സ്വാമി
യും വിജയനും വില്ലു കയ്യിലെടുത്തു കാലൂന്നിച്ചുവട്ടി
വട്ടം കൂടയോടെ കുലുക്കിക്കൊണ്ടു ചുററിനടന്നു

വിശാലമായ ഉപരിഭാഗത്തു ചെന്നു് അല്പം അകന്നു് അന്യോന്യം മുഖത്തോടുമുഖം നോക്കി നില്ക്കുന്നു. സമരകൎമ്മത്തിൽ ഏൎപ്പെട്ടുകയും ചെയ്തിരിക്കുന്നു. അതായതു്.

ദേവൻ ഞാണൊലി പാരമാളിന പിനാ-
കത്തേ വലിക്കുമ്പൊളാ-
പ്പാൎത്ഥൻതൽപ്രതിനാദഭേദി നിജഗാ-
ണ്ഡീവം വലിക്കുന്നുതേ.
ബാണത്തെ പ്രഭുതാൻ ചിരിച്ചു കളിയായ്
വില്ലിൽ തൊടുക്കുമ്പൊളോ
ദേവീ! സ്വാമിമടങ്ങുമാറു വിജയൻ
തൂകുന്ന ശസ്ത്രങ്ങളെ.

ആശ്ചൎയ്യം! ക്ഷണനേരംകൊണ്ടുതന്നെ ഈ ധനഞ്ജയരുദ്രന്മാരുടെ—

പരസ്പരം സ്പൎദ്ധയൊടെന്നാവണ്ണം
ചുറവും തറയ്ക്കും ശരരശ്മിയേന്തി
രക്തം നിണം പുരണ്ടിട്ടു ചുവന്ന മൈകൾ
ബാലാൎക്കസാമ്യത്തെ വഹിച്ചിടുന്നു.

കിരാതി—അത്ഭുതം! അന്യോന്യം വ്യത്യാസമില്ലാതെ. സാമൎത്ഥ്യം പ്രകടിപ്പിക്കുന്ന ഈ രണ്ടുപേരുടേയും വില്ലിൽനിന്നു്, എടുക്കുന്നതും, തൊടുക്കുന്നതും, പ്രയോഗിക്കുന്നതും അറിയാത്തവിധം ഇടവിടാതെ പുറപ്പെടുന്നതുമായ ശരജാലത്താൽ ആകാശം മൂടപ്പെട്ടതുപോലെ തോന്നുന്നു.

നന്ദി—സ്വാമിനി! ദേവൻ സാധാരണ ശരപ്രയോഗ

സാമത്ഥ്യം കുറെ പ്രദൎശിപ്പിച്ച ശേഷം ഇപ്പോൾ ദി വ്യാസ്രുപ്രയോഗസാമത്ഥ്യത്തെക്കൂടി പ്രകടിപ്പിക്കു വാൻ ഭാവിക്കുന്നതായി തോന്നുന്നു. തൃക്കൺപാ ത്താലും.

വ്യാജവ്യാധവപുസ്സെട്ടത്തൊരു മഹാ-
ദേവന്റെ മൈക്കോപ്പുണി-
സ്ഥാനം വിട്ടിഹ കണ്ണമന്ത്രിതമതാം
വിൽ ഞാണിലസ്ത്രങ്ങളായ്
ചീററിക്കൊണ്ടു വിഷം വമിച്ചു വിജയൻ
തന്നേക്കു പായുന്നിതാ
നാഗാസ്ത്രാഭിധമന്ത്രജൃംഭിതമഹാ
സപ്പങ്ങൾ നാനാതരം.

കിരാതി—(ചിരിച്ചുംകൊണ്ടു്) ഉണ്ണിഅജ്ജുനനു പകരം പ്രയോഗിക്കുവാനുള്ളതു് ഇദ്ദേഹമായിരിക്കും.

നന്ദി—(ആശ്ചൎയ്യത്തോടുകൂടി) ദേവി അരുളിച്ചെയ്തതു ശരിതന്നെ. അജ്ജുനൻ തപസ്സിന്നനുരൂപമായ വിധത്തിൽ പരാക്രമം കാണിച്ചിരിക്കുന്നു. അത്ഭുതം! എന്തെന്നാൽ.

രുദ്രാസ്ത്രത്തെത്തൊടുത്തീടവെ വിജയനിതാ
വില്ലിലൊന്നമ്പിൽനിന്നും
രുദ്രന്മാർ തോലുടുത്തുള്ളവരുടല്വ വെളു-
ത്തോർകൾ കണ്ഠം കറുത്തോർ
ത്ര്യക്ഷന്മാർ തിങ്കൾ ചെമ്പന്മുടി ജടയിലെഴു-
ന്നോരഹോ! നിൎഗ്ഗമിപ്പൂ

ചിത്രം! നാഗങ്ങളെല്ലാമിവരണിയുമല-
ങ്കാരമായ് വന്നുകൂടി. നൻ

കിരാതി—ഇതാ ഇപ്പോൾ താമസശരപ്രയോഗംകൊണ്ടുണ്ടായ ജയംനിമിത്തം മുഖചന്ദ്രനെക്കൊണ്ടു കുറഞ്ഞൊന്നു പുഞ്ചിരിക്കൊള്ളുന്ന ആര്യപുത്രനോടുകൂടി ഗുഹാന്തർഭാഗത്തുനിന്നു പെട്ടെന്നു പുറപ്പെടുന്ന അന്ധകാരപ്രവാഹംകൊണ്ടു, പകൽ രാവായപോലെ തോന്നുന്നു.

നന്ദി—ഇത്രം ധനഞ്ജയനാൽ തടുപ്പാൻ കഴിയാത്തതല്ല. ഭാസ്കരാസ്ത്രം പ്രയോഗിക്കുവാൻ ഭാവിക്കുമ്പോൾ തന്നെ അന്ധകാരം നിശ്ശേഷം പോയിക്കഴിഞ്ഞു. അത്രതന്നെയല്ല.

അമ്പിൻതുമ്പഗ്നിയന്ത്രപ്പടി ഹുമുഹുമിതാ-
രാവമോടുദ്ഭ്രമിക്കും
മാർത്താണ്ഡന്മാർ പ്രചണ്ഡപ്രഭ പെരുകി മഹാ
ദുർന്നിരീക്ഷ്യസ്വരൂപർ,
കൺകൾക്കുള്ളോരു കാഴ്ചയ്ക്കുടവു പരമണ-
ച്ചീടവേ താമസാസ്ത്ര-
ത്തോടൊക്കും പിന്നെയെല്ലാററിലുമുപരി പര-
ത്തുന്നു ചൂടേററമെങ്ങും. ൪൦

അത്ഭുതം! ഈ ഭാസ്കരന്മാരുടെ ചൂടു കഠിനംതന്നെ.

ഭാരം ചൂടേററു മഞ്ഞിൻശിലയുരുകിയൊലി-
ക്കുന്നപോൽച്ചോലയെല്ലാം നദി
വെക്കം ചുററും ചരിക്കും പല പല കതിർയ-
ന്ത്രങ്ങൾ വററിച്ചിടുന്നു.

എന്നാൽ പിന്നേയുമൂക്കൻ തിരയിളകിമറി-
ഞ്ഞംബരേ കോളിളക്കം
കൊൾവൂ, നീളെപ്പരക്കാമിനിയിതിൽ
മൃഗതൃഷ്ണാഖ്യ മിഥ്യാപ്രവാഹം.

കിരാതി—അയ്യോ! ചൂടു സഹിക്കവയ്യ. എന്താ നിവൃത്തി.

നന്ദി—ദേവി! സന്താപം ശമിക്കുവാനുള്ള പ്രതിവിധി ദേവൻ ചെയ്തുകഴിഞ്ഞിരിക്കുന്നു. ആശ്ചര്യം! ദേവി തൃക്കൺപാർത്താലും. ഇപ്പോൾ ദേവൻ, ൪൯

അസ്ത്രാസ്ത്രമന്ത്രമതു ചൊല്ലിയുടൻ ശരം വി-
ട്ടപ്പോളിന്ദ്രവ്രജമഹോ! ലയമാണ്ടിടുന്നു
മാത്രാഖ്യമാം പട്ടിയിലങ്ങു മഹേന്ദ്രജാലാൽ
കാണായൊരാ വിവിധസാധനപംക്തിപോലെ.

അത്രതന്നെയല്ല,

ആഗ്നേയം ഹരനെയ്തിടുന്നു, വിജയൻ
പാർജ്ജന്യമെയ്യുന്നതേ,
വായവ്യം ഗിരിശൻ, ഗിരീശതനയേ!
ബീഭത്സുവോ പാർവ്വതം,
ചെയ്താലങ്ങെതിർചെയ്യുവാൻ വിരുതെഴും
ദിവ്യാസ്ത്രസംഘങ്ങളാ-
ലീവണ്ണം പൊരുതിക്കളിച്ചതിലിതാ
സന്തുഷ്ടനായ് നാരദൻ. ൫൦

നാരദൻ—(സന്തോഷത്തോടുകൂടി പ്രവേശിച്ചിട്ട്) ആശ്ചര്യം! അന്യോന്യം കൂട്ടിമുട്ടുന്നുണ്ടോ എന്നു തോന്നു

ന്നവരും നിരന്തരം പ്രയോഗിക്കുന്ന തീക്ഷ്ണബാണങ്ങളാൽ മുറിവേററു രക്തധാര പ്രവഹിക്കുന്ന ശരീരത്തോടുകൂടിയവരുമായ ഈ ധനഞ്ജയരുദ്രന്മാരുടെ യുദ്ധസമ്പ്രദായം കണ്ടു കുറെനേരം എന്റെ മനസ്സിന്നു് ഒരാശ്വാസം തോന്നി. അന്യാദൃശമായ ദിവ്യാസ്ത്രപാടവം കാണുമ്പോൾ എനിക്കുണ്ടാകുന്ന സന്തോഷം ആരോടാണു പറയേണ്ടതു്. (നോക്കീട്ടു്) ഭാഗ്യം, ഈ കിരാതരൂപിണിയായിരിക്കുന്ന ഗൌരിയുടെ അടുത്തു ചെന്നു വണ്ണിക്കുകതന്നെ. (അണിയറയിൽ) അല്ലയോ ധനഞ്ജയ! നിനക്കു ദിവ്യാസ്ത്രപ്രയോഗങ്ങൾ നല്ലപോലെ അറിയാം. പക്ഷെ പകരത്തിനുപകരം പ്രയോഗിക്കുവാൻ പററുന്നവയും പൌരുഷം തീരെ തോന്നിക്കാത്തതുമായ ഈവക അസ്ത്രങ്ങൾ അറിഞ്ഞിട്ടും പ്രയോഗിച്ചിട്ടും എന്താണു ഫലം? നിനക്കു കൈയ്യൂക്കുണ്ടെങ്കിൽ സാധാരണ ബാണങ്ങളെക്കൊണ്ടു് അതു കാണിക്കുക. നിന്റെ പരാക്രമം കാണട്ടെ.

നാരദൻ—(അടുത്തുചെന്നു്) ദേവി! ഭർത്തൃപുത്രന്മാരുടെ തുല്യസാമത്ഥ്യം പ്രദർശിപ്പിക്കുന്ന മഹോത്സവം കൊണ്ടു ഭവതി വദ്ധിക്കുന്നു.

കിരാതി—ഏ, നാരദൻ! നാരദാ! ഉണ്ണി അജ്ജുനന്റെ സാധാരണ ശരപ്രയോഗസാമത്ഥ്യംതന്നെ കാണുവാൻ പിന്നെയും ആയ്യപുത്രൻ ആഗ്രഹിക്കുന്നു.

നാരദൻ—ശരി, അമ്മേ! ഞാൻ വീണ്ടും എന്റെ കണ്ണുകൾ സഫലമാക്കട്ടെ! (വീണ്ടും അണിയറയിൽ) എടാ! പരമേശ്വരനെ പഴിക്കുന്ന മഹാപാപി! കാട്ടാളക്കുഴിയ!

ഒന്നിന്നു മററതെതിരായ് പൊരുതുന്ന ദിവ്യ-
ബാണങ്ങളാലറികയില്ലരുശക്തിയെങ്കിൽ,
ഈശന്റെ ശിഷ്യനുടെ ശിഷ്യനു ശിഷ്യനായ
പാൎത്ഥനുയന്ന ബലമൊന്നിഹ കണ്ടുകൊൾക.

നന്ദി—അത്ഭുതം! പറഞ്ഞവസാനിച്ചപ്പോഴയ്ക്കുംതന്നെ വിജയൻ കാതോളം വലിച്ചിരിക്കുന്ന ഗാണ്ഡീവത്തിന്റെ ഞാണിൽനിന്നു തുടരെത്തുടരെ പുറപ്പെടുന്ന അസ്ത്രധാരകളെക്കൊണ്ടു മൂടിയ ദേവൻ സ്തംഭിച്ചപോലെ തോന്നുന്നു.

കിരാതി—(ചിരിച്ചുംകൊണ്ടു്) ജയിച്ചു; ഉണ്ണി അൎജ്ജുനൻ ജയിച്ചു; ആൎയ്യപുത്രനുംകൂടി പരവശനായി കാണപ്പെടുന്നുവല്ലോ.

നന്ദി—ദേവി! ഭക്തപക്ഷപാതിനി! തൃക്കൺപാൎത്താലും. ബാണസമൂഹത്തെ പിളൎന്നു ദ്വാരമുണ്ടാക്കി അതിൽകൂടെ പുറത്തു വന്ന ദേവൻ തമസ്സിൽനിന്നു പുറത്തു വന്ന സുധാകരനെപ്പോലെ ശോഭിക്കുന്നു.

നാരദൻ—അയ്യോ! ഇപ്പോൾ വീണ്ടും.

പിന്നോട്ടു പിമ്പു തിരമാലകൾപോൽ പതിക്കു-
മമ്പിൻപരമ്പരകൾകൊണ്ടു കിരീടി വീണ്ടും,
മൂടീട്ടുമിക്കപടവേടനഹന്ത പാവം!
തന്റേടമററു തളരുന്നൊരു മട്ടിലായോ. ൪൫

കിരാതി—(വിചാരം) ഇനി എന്താണു വേണ്ടതു്? ആൎയ്യപുത്രനോടു നേരിടുമ്പോൾ ഉണ്ണി അൎജ്ജുനന്റെ അസാധാരണവീൎയ്യത്തെ എങ്ങനെയാണു വിഫലമാക്കിത്തീൎക്കേണ്ടതു്? ആട്ടെ ഒരുപായമുണ്ടു്. ഇ

പ്പോൾ ഉണ്ണി അർജ്ജുനന്റെ ശരസമൂഹം പൂക്കളാക്കിയേക്കാം. എന്നാലവനെന്തെടുക്കുമെന്നു കാണട്ടെ.

നന്ദി—അത്ഭുതം! അത്ഭുതം! ഇതിൽനിന്നുണ്ണന്നു ദേവൻ ബീഭത്സുവിനാൽ ബാണസഹസ്രങ്ങൾകൊണ്ടു മർമ്മംതോറും പിളർക്കപ്പെട്ടപ്പോൾ,

ഭ്രൂഭംഗം പൂണ്ടു കോപാൽ പെരിയ പരിഭവാൽ
കൺചുവന്നാവനാഴി-
ക്കുള്ളിൽ കയ്യിട്ടെടുക്കും ശരനിര, വിടരും
പൂക്കളായ്ത്തീർന്നിടുന്നു
വീണ്ടും വീണ്ടും ഗ്രഹിച്ചക്കുസുമശരത്തെയെ-
ക്കണ്ടു തെല്ലത്ഭുതത്താൽ,
മായാവിൻ! നില്ലുനില്ലെന്നവനഹഹ! സുമം-
തന്നെ വർഷിച്ചിടുന്നു. ൪൯

നാരദൻ- അല്ലയോ ദേവി!

വീണ്ടും വീണ്ടും കുസുമവിശിഖം-
കൊണ്ടു പാർത്ഥൻ കലുക്കും
ദേവന്റെ പൂകൊണ്ടലർശരനടി-
ച്ചുള്ളതോർമ്മിച്ചതാവാം
നോക്കുന്നല്ലോ ഭവതിയെയിതാ
പുഞ്ചിരിക്കൊണ്ടു കണ്ണാം
താഴ്ത്തിപ്രേമസ്ഫുരണമിഴിയാൽ
മുന്നമെന്നോണമിപ്പോൾ. ൫൦

കിരാതി—(വിചാരം) ആശ്ചര്യം! ഉണ്ണി ധനഞ്ജയന്റെ സാഹസം. എനിക്കു് ആര്യപുത്രന്റെ മുഖകമലം അശേഷം കാണ്മാനില്ലല്ലോ. അതിനാൽ ഇവന്നു ബാ

ണംതന്നെ ഇല്ലാതാക്കിക്കളയാം. എന്നാൽ പിന്നെ ഇവൻ എന്തുചെയ്യുമെന്നു കാണാമല്ലോ.

നന്ദി—(ആശ്ചര്യത്തോടുകൂടി) ആശ്ചര്യം! വിജയൻെറ വീരവ്രതചര്യ തെററില്ലാത്തതത്രെ. സമരസംരംഭം തട്ടുക്കൂടാത്തതുമാണ്. എന്തെന്നാൽ,

അമ്പും പൂക്കളെമാവനാഴിയിലൊട്ട-
ങ്ങിക്കണ്ടടൻ ഞാനവ-
ന്തോരാഗ്ഗാണ്ഡിവവും ചുഴററി വളരും
കോപം പൊറുക്കായ്കയാൽ,
ചീററിത്തെല്ല മടമ്പുയത്തി വെളിവായ്
കൈയ്യുകക കാണിച്ചിതാ.
പാത്ഥൻ വ്യാജകിരാതമൂദ്ധിനി പൊഴി-
ക്കുന്നു പ്രഹാരാച്ഛനം.

നാരദൻ—വീണ്ടും വീണ്ടും അങ്ങുമിങ്ങും പിനാകത്തെ ചുഴററി ഗാണ്ഡീവപ്രകാരങ്ങളെ തട്ടുത്തുകൊണ്ടിരിക്കുന്ന ഭഗവാനാകട്ടെ, പാത്ഥൻെറ ഉന്നം തെററാത്തൊരടിയിൽ, പിട്ടഞ്ഞം വിട്ടതൻെറ വില്ല കയ്യിൽ നിന്നു വീണപ്പോം,

ഇടയ്ക്കിടെയതാതിടത്തടി തട്ടും തൻ കൈകളാ-
ലിടയ്ക്കടനൊഴിഞ്ഞു പാത്ഥനുടെ തല്ല തെററിച്ചുമേ,
ഇടയ്ക്കടി തലയ്ക്കുകൊണ്ടതു തകൻ രക്തം സ്രവി-
ച്ചിടയ്ക്കിടെ വിമോഹമാന്നവിധമെങ്ങുമേ നോക്കി

(യായ്.)

നന്ദി—(അത്ഭുതത്തോടും കോപത്തോടുംകൂടി) ഓ! ഇന്ദ്രപുത്രൻ വല്ലാതെ തുള്ളുന്നുവല്ലോ! അതിനാൽ ഞാ

നിവനെ കടന്നുപിടിച്ചു സ്വാമിയെ ഒന്നാശ്വസിപ്പിക്കട്ടെ (പോകാൻ ഭാവിക്കുന്നു.)

കിരാതി—(കണ്ണുകാട്ടി തടുത്തു ചിരിച്ചുകൊണ്ടു്) ഉണ്ണി, അജ്ജുനൻെറ വിക്രമം ആശ്ചൎയ്യംതന്നെ. എന്തെന്നാൽ, ഇവൻ, ശസ്ത്രപ്രഹരംകൊണ്ടു പിളൎന്നു സുവ്യക്തമായ വ്രണത്തിൽനിന്നു കുടുകുടെ ചാടുന്ന രുധിരംകൊണ്ടു രക്തവൎണ്ണമായ ആൎയ്യപുത്രൻെറ മൌലിയിൽ, വീണ്ടും വീണ്ടും അതിവേഗം പ്രഹരിച്ചുകൊണ്ടു് എൻെറ കൌതുകം ഇരട്ടി വദ്ധിപ്പിക്കുന്നു.

നാരദൻ—അഹോ! ദേവിയുടെ വാത്സല്യാതിരേകം! അപരാധിയുടെ നേരെയും കൃപ കാണിക്കുന്നുവല്ലൊ. എങ്ങിനെയെന്നാൽ,

ഇടയ്ക്കിളംതിങ്കളണിഞ്ഞൊരീശ്വ-
മൂൎദ്ധാവിലായ്ത്താനടനാഞ്ഞടിക്കെ
ഇടയ്ക്കു ശബ്ദിക്കുമിടയ്ക്കു ചാടു-
മപ്പാൎത്ഥനെക്കണ്ടു ചിരിപ്പു ദേവി. ൫൦

നന്ദി—സ്വാമിനി അനുവദിക്കുമെങ്കിൽ ഞാനവനെ തടുക്കാം.

നാരദൻ—നന്ദി! പരിഭ്രമിക്കാതിരിക്കൂ, നോക്കു ഇതാ പ്രഹരിക്കുമ്പോൾ,

പാൎത്ഥൻെറ തല്ലുകൾ പൊറുക്കരുതാഞ്ഞു ഗംഗ-
യീശൻെറ ചെഞ്ചടവനത്തിലൊളിച്ചിരിപ്പോൾ,
രക്തം പുരണ്ട തിരയാം കരമാശു നീട്ടി-
ഗാണ്ഡീവമിങ്ങപഹരിച്ചവിധം ലയിച്ചു.

കിരാതി—ഇപ്പോൾ ഉണ്ണി അർജ്ജുനൻ എന്തുകാട്ടുമെന്നു കാണാം.

(അണിയറയിൽ)

പൂർവ്വാക്കാം പുരുമായകൊണ്ടു വിശിഖം,
മററും മുടിക്കാം, മൊളി-
പ്പിക്കാം ഗാണ്ഡിവ,മിവകപ്പണികൾ കൊ-
ണ്ടൊന്നും ജയിക്കില്ല നീ
കാട്ടാളാധമ! നില്ലെടാ പെരുകുമ-
ക്കൈയൂക്കടകണ്ടോ യിതാ,
തയ്യാറായ് ദൃഢമുഷ്ടിയുദ്ധമതിനീ
ഭീമാനുജൻ ഫൽഗുനൻ.

നാരദൻ—ദേവി! നോക്കൂ! മഹേന്ദ്രപുത്രൻെറ സാഹസപ്രിയത്വം!

കിരാതി—ഇവനെപ്പോലുള്ള വീരന്മാർക്ക് ഇതാശ്ചര്യമല്ല.

(വീണ്ടും അണിയറയിൽ)

ശസ്ത്രം തീരെ നശിച്ചുവെന്നു കരുതി-
ഖേദിച്ചിടേണ്ടിപ്പോൾ നീ
വില്ലോ നല്ല നിഷംഗമോ തവ ഹിതം-
പോലിങ്ങു തന്നീടുവൻ;
അല്ലാ ശത്രു തരുന്ന ശസ്ത്രമതു കൈ-
ക്കൊള്ളാനെഴും ലജ്ജയാൽ
നീ മുഷ്ടിപ്രഹരം രുചിക്കിലതിനും
സന്നദ്ധനാണിന്നു ഞാൻ.

നാരദൻ—അരയിലുള്ള വല്ക്കലവും തലമുടിയും മുറുക്കി ഗംഭീരമായും അഹങ്കാരത്തോടുകൂടിയും, സിംഹനാദം മുഴക്കിക്കൊണ്ടും, അന്യോന്യം പോരിനു വിളിച്ചുകൊണ്ടും, ചാടുക, കേറുക, വാങ്ങുക മുതലായ മല്ലയുദ്ധമുറകൾ നടത്തി, പൊടി പറപ്പിച്ചുംകൊണ്ടു വലിക്കുക, ഉലയ്ക്കുക, പൊക്കുക, താഴ്ത്തുക മുതലായ കർമ്മഭേദങ്ങൾകൊണ്ട് അന്യോന്യം പാടവം പ്രദർശിപ്പിച്ചുകൊണ്ടും, ഉറപ്പേറിയ മുഷ്ടിപ്രഹരംകൊണ്ടു മാറു നെററി മുതലായ മർമ്മസ്ഥലങ്ങളിലെ എല്ലു പൊടിച്ചുംകൊണ്ടും, കൈത്തലംകൊണ്ടുള്ള കഠിനപ്രഹരംകൊണ്ടു കവിൾത്തടം, കുക്ഷി, പാർശ്വപ്രദേശം എന്നിവകളെ വീപ്പിച്ചുകൊണ്ടും, പരപ്രഹാരങ്ങൾ ഏല്ക്കാതെ ഒഴിഞ്ഞുമാറിക്കൊണ്ടും, പരവഞ്ചനാഭേദങ്ങളെ കണ്ടുകൊണ്ടും കിരാതാർജ്ജുനന്മാർ "നോക്കിക്കോ; തടുത്തോ, മടങ്ങി; തിന്നു" എന്നുള്ള വീരവാദംകൊണ്ടു മുഖങ്ങളെ മുഴക്കിക്കൊണ്ടും അന്യോന്യജയാപജയങ്ങളറിയാതെയും, അത്യാശ്ചര്യകരമായും, ദൃഷ്ടിക്ക് ആകർഷണമായും, ഹൃദയത്തിന്ന് ആഹ്ലാദനമായും, നാനാതരമായുമിരിക്കുന്ന യുദ്ധം ചെയ്യുന്നു. കഷ്ടം! ഇതു സംഭവിച്ചുവല്ലോ! നോക്കു!

കിരാതനാഥന്റെ കടുത്ത മുഷ്ടി-
കൊണ്ടുള്ള തല്ലേററു പൊടിഞ്ഞു നെററി
ചുറ്റും കടുംചോരയൊലിച്ചു കണ്ണൊ-
ട്ടടച്ചു മോഹിച്ചു മഹേന്ദ്രപുത്രൻ. ൫൨

കിരാതി—(ചിരിച്ചുകൊണ്ട്) തപോധന! ഇതുകൊണ്ട്

ഉണ്ണിക്കൊന്നും പററില്ല. നോക്കൂ, അവൻ പിന്നേയും ക്ഷണത്തിൽ ചാടിഎഴുന്നേററു തലപ്രഹാരംകൊണ്ടു ആൎയ്യപുത്രൻെറ കവിൾത്തടം പിളക്കുന്നു. ഹാ! കഷ്ടം! എൻെറ സ്വാമി ഈ അടികൊണ്ടു വല്ലാതെ വിറച്ചു ചോര ഛൎദ്ദിച്ചു, രക്തവദനനായി നില്ക്കുകയല്ലെ?

നന്ദി—(കുറച്ചുനേരം നിന്നിട്ടു് ഉത്സാഹത്തോടുകൂടി) അത്ഭുതം! ദേവൻ ജയിച്ചു. വിജയനും ജയിച്ചു. ദേവി! തൃക്കൺപാൎത്താലും. ഇതാ ദേവൻ.

എല്ലാശ്വാസമിയന്നനല്പമരിശം
പൂണ്ടാത്ത ധൈൎയ്യം കരം
നീട്ടിച്ചെന്നു പിടിച്ചു പാൎത്ഥമുനിയെ-
ക്കെട്ടിപ്പുണൎന്നങ്ങനെ
ഞെക്കിബ്ഭൂമിയിലിട്ടുരുട്ടിയധികം
മൎദ്ദിച്ചു തൻെറദമി-
ല്ലാതാക്കിബ്ഭത! മാറിനിന്നു കനിയും
കൺകൊണ്ടു നോക്കുന്നിതാ. ൪൪

അഹോ! വാസുദേവൻെറ ഇഷ്ടസഖൻ ഇപ്പോൾ കൃതാൎത്ഥനായി.

നാരദൻ—(വിചാരം) കഷ്ടം! ഇപ്പോൾ യുദ്ധം കഴിഞ്ഞുപോയല്ലോ. ഇദ്ദേവൻ പ്രസാദാഭിമുഖനായി കാണപ്പെടുന്നു. അതുകൊണ്ടു വരപ്രദാനമഹോത്സവംകൂടി കണ്ടിട്ടു വന്നവഴിക്കു പൊയ്ക്കളയാം.

കിരാതി—ഞാൻ ആൎയ്യപുത്രൻെറ സമീപത്തേയ്ക്കു പോ

കുന്തി. വരപ്രദാനത്തിന്നു സമയമായി.....................

വത്സഫൽഗുനൻ...................(എല്ലാവരും ചുററി നടക്കുന്നു.)

(അണിയറയിൽ)

മോശം ഞാൻ മമ വില്ലു ഗാണ്ഡിവമതും ദ്രോണശിഷ്യത്വവും,
മോശം മൽകുലവും, ഗുരുക്കളെമഹോ! ശ്രീകൃഷ്ണബന്ധുത്വവും
മോശം ഭക്തഹിതാഭിമാനി ഹരനും, ഞാൻ ചെയ്തൊരിസ്സേവയും
തോറേറൻ വികൃതൻ വിശിഷ്ടഫലമായ് കാട്ടാളനോടർജ്ജുനൻ. ൭

നാരദൻ—കഷ്ടം! മോഹാലസ്യത്തിൽനിന്നുണർന്ന പാർത്ഥന്റെ നിലവിളി കേൾക്കുന്നു.

(വീണ്ടും അണിയറയിൽ)

അമ്മേ! പരമേശ്വരപ്രാണനാഥേ!
കരുണാപീയൂഷമയി!
ഭവതിയുമേ! പാഴ്പ്രസാദയായല്ലോ
ഈ മന്ദഭാഗ്യന്നേതേ
ജാത്യന്ധനു പൂനിലാവുപോലായി? ൮

കിരാതി—ഹാ! എന്നെയും നിന്ദിക്കുന്നുവല്ലോ.........എന്റെ ഉണ്ണി വിരക്തനായിരിക്കുന്നു (വീണ്ടും അണിയറയിൽ) ഹാ! മന്ദഭാഗ്യനായിരിക്കുന്ന ഞാൻ എന്തുചെയ്യുന്നു? എവിടെപ്പോകുന്നു. പോയാൽതന്നെ എവിടെയാണെനിക്കു സമാധാനമുണ്ടാവുക! കഷ്ടം! കഷ്ടം!

ഭീമാദ്യന്മാർ നടുക്കായ് പദതളിർ പണിയു-
ന്നെന്നെ നന്നായ് പുണന്നോൻ
ജ്യേഷ്ഠൻ ചോദിക്കുമുണ്ണീ! തപമതിനു ഫലം
കിട്ടിയില്ലല്ലിയെന്നായ്
അപ്പോളെന്തോതു,മാർട്ട, വിവരമറികളി-
ക്കണ്ണദുര്യോധനാദ്യ-
ന്മാർ കേട്ടാലോ ഹസിക്കും കുരുസഭയിലതോ-
ർക്കുംവിധൌ ചാക നല്ലൂ. ൫൭

അതുകൊണ്ടു സവ്വപ്രകാരേണയും ഞാൻ കാൎയ്യസിദ്ധി കൂടാതെ ഇവിടെനിന്നു പോകുവാൻ ശക്തനല്ല. ദുര്യശസ്സുകൊണ്ടു ദൂഷിതമായിരിക്കുന്ന ആത്മാവിനെ ഇവിടെത്തന്നെ അവസാനിപ്പിച്ചിട്ടു യോഗാഭ്യാസംകൊണ്ടു പരമശിവൈക്യത്തെ അനുസന്ധാനം ചെയ്യട്ടെ.

നാരദൻ—അല്ലയോ ദേവി! ഇവൻ ശിവസാരൂപ്യമടയും മുമ്പിൽ വരപ്രദാനത്തിന്നു ഭത്താവിനെ ത്വരിപ്പിക്കുക.

കിരാതി—ഞാനങ്ങനെ ചെയ്യാം (നന്ദിയോടുകൂടി പോയി)

ഇവനീയന്നൊരു കോപമകന്നിതാ
ഗതമദൻ, പ്രിയമാം ശമമാന്നടൻ;
ഹരനെ മൃത്തികയാൽ പണിതച്ചചെ-
യ്തിതു കൊഴിഞ്ഞൊരു പുഷ്പശരങ്ങളാൽ.

(അനന്തരം അജ്ജുനൻ ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു)

നാരദൻ—ഞാനും വരപ്രദാനപയ്യുത്സുകനായിരിക്കുന്ന ദേവൻെറ സമീപത്തിലേക്കു പോകട്ടെ. (പോയി)

൫൮

അജ്ജുനൻ—ഇതെന്താശ്ചര്യം!

നിർവ്വേദത്തോടു പിന്നെയും പരശിവ-
ധ്യാനത്തിലാക്കുമന്നൊരെൻ
ചിത്തം ചെൽവിതു ഗാണ്ഡിവം തല തക-
ത്തിട്ടുള്ളൊരാ വേടനിൽ
ഇന്നൊൻ വാസനയായിടാമിതു, പുരോ-
ഭാഗത്തു മൂൽക്കണ്ഠ പ്പനാ-
മീശന്നേകിയൊരാസ്സുമാഞ്ജലിയുമേ

(ഇതഭാഗത്തും നോക്കി ശങ്കയോടും ആശ്ചര്യത്തോടുംകൂടി)

കാണുന്നിതാ വേടനിൽ. ൫൯

(കോപത്തോടുകൂടി) എടാ! എടാ! മായകൊണ്ടു തപോവിഘ്നം ചെയ്യുന്ന കാട്ടാളാധമ! നില്ലു്! നില്ലു്! (വേഗത്തിൽ) എഴുന്നേല്ക്കുവാൻ ഭാവിച്ചിട്ടു് അശക്തനായി ഇരിക്കുന്നു.

(അനന്തരം പരിഭ്രമത്തോടുകൂടി തന്റെ രൂപം കൈകൊണ്ടു പരമേശ്വരനും കിരാതവേഷത്തിൽതന്നെ പാർവ്വതിയും പ്രവേശിക്കുന്നു.)

മതിമതിയിതെന്നുണ്ണീ! കോപം വിട്ടു
ജിതനായി ഞാൻ,
തവ സഹജമാം പ്രേമംകൊണ്ടും തപ-
സ്സതുകൊണ്ടുമേ
ശരനിരകൾകൊണ്ടും വിൽകൊണ്ടുമുള്ള ന-
ല്ലടികൊണ്ടുമൂ-
ക്കെഴുമിടികൾകൊണ്ടും, പിന്നെന്തി നിന-
ക്കഭിവാഞ്ഛിതം. ൬൦

അജ്ജു—(നോക്കീട്ടു് ആശ്ചര്യം, ശങ്ക, സംഭ്രമം, വിനയം, ലജ്ജ ഈ വികാരങ്ങളോടുകൂടി സ്തബ്ധനായി നിന്നിട്ടു്)

സ്വാമി! അവിടുത്തെ പരമാപരാധിയായിരിക്കുന്ന ഭൃത്യനിതാ നമസ്കരിക്കുന്നു. (അപ്രകാരം ചെയ്യുന്നു)

പരമേ—ആയുഷ്മൻ! വരു വരു. (കരുണയോടുകൂടി എഴുനേല്പിക്കുന്നു.)

അജ്ജു—അങ്ങു് അതിദയാലുവാകുന്നു. അപരാധിയിൽ കൂടി ദയ കാണിക്കുന്നുവല്ലോ. അഥവാ

ആത്മാംസൃഷ്ടിസ്ഥിതിലയക്രീഡാപാത്രം ജഗത്രയം
സർവ്വാത്മാവായൊരാ നിന്നിലാരഹോ! തെററുചെയ്തിടും.

(പാർവ്വതിയോടു്) പുത്രനായിരിക്കുന്ന ഫൽഗുനൻ അവിടുത്തെ നമസ്കരിക്കുന്നു.

പാർവ്വതി—പുത്ര! വരു വരു. (എഴുനേല്പിച്ചു തലയിൽ ചുംബിക്കുന്നു.)

അജ്ജു—അമ്മേ! പ്രസാദിച്ചാലും. വൈരാഗ്യം, ഉന്മാദം, സംഭ്രമം ഇതുകളാൽ അടിയൻ അവിടുത്തെ കുറെ ശകാരിക്കയുണ്ടായി.

പാർവ്വതി—പുത്ര! ഞാൻ മുമ്പുതന്നെ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. അത്രതന്നെയല്ല.

ഇതുപോലുള്ളുപാലംഭം പ്രസാദത്തിന്നു ഹേതുവാം
കാലേ വൈദ്യൻ പ്രയോഗിക്കും വിഷമങ്ങമൃതായിടും.

പരമേ—(കൈകൊണ്ടു് അജ്ജുനൻെറ അംഗംതോറും തലോടിട്ടു്) നീ ബഹുവിധങ്ങളായ ആയാസങ്ങളാൽ ക്ലേശിതനായി.

അജ്ജു—ഭഗവൻ! ഇപ്രകാരം ജന്മസാഫല്യപൂൎത്തി സിദ്ധിച്ചിട്ടുള്ള എനിക്കു് എന്തു ക്ലേശമാണുള്ളതു്? അത്രതന്നെയല്ല ഭഗവാന്റെ കൈത്തലസ്പൎശാമൃതത്താൽ ആരോഗ്യവും കിട്ടി. മൂഢനായിരിക്കുന്ന ഞാനാകട്ടെ മഹത്തായിരിക്കുന്ന ഈ സാഹസം ചെയ്തു. എന്തെന്നാൽ.

മായാകിരാതവടിവാൎന്ന ഭവാനു ഗാണ്ഡീ-
വത്താൽ പ്രഹാരവിധിയെന്തിഹ ചെയ്തുവോ ഞാൻ
ഇപ്പോഴുമീത്തവശിരസ്സിലതിന്റെ രക്ത-
സമ്മിശ്രമാം മുറിവു കാണ്മിതനേകമയ്യോ! ൩൨

പരമേ—(ചിരിച്ചുംകൊണ്ടു്) ഉണ്ണി! ധനഞ്ജയ! ഇവ ളെയന്റെ ഭക്തപ്രിയതയുടെ ലക്ഷണങ്ങളായി ചന്ദ്രകലയോടുകൂടി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

പാൎവ്വതി—മകനേ! എന്റെ അനുഗ്രഹത്താൽ ഇതുകൂടിയിരിക്കട്ടെ. എന്തെന്നാൽ,

ഇന്നാൾമുതല്ക്കനുദിനം ശിവലിംഗപൂജ
ചെയ്യുന്നൊരാ മുനിസുരാസുരമൎത്ത്യനാഗർ,
പാൎത്ഥപ്രഹാരമതിനാലടയാളമാണ്ട
ബിംബത്തെയുത്തമമതെന്നു വരിച്ചിടട്ടെ. ൩൩

അജ്ജു—അമ്മേ! ഇതു വലിയ അനുഗ്രഹംതന്നെ. അഥവാ. അവിടുത്തെ കരുണാതിശയത്തെക്കുറിച്ചെന്തു പറയട്ടെ. എന്തുകൊണ്ടെന്നാൽ—

മായാവേടാകൃതിയോടുടർചെയ്തെന്റെ ഗൎവ്വൊക്കെ നീക്കി
ക്കുറാന്നീശൻ നിജവടിവുതാനേറവുനിന്നീടുമപ്പോൾ,

ഭർത്തൃപ്രേമം പെരുകമൊരു വേടത്തിയായ്തീന്ന വേഷം
ക്രൂരൻകൊണ്ടുള്ളം പതറിയവിട്ടുന്നിപ്പോഴും വിസ്മരിപ്പൂ.

പാർവ്വതി—ഉണ്ണീ! ധനഞ്ജയ! നിന്നിലുള്ള പ്രീതികൊണ്ടു് ഈ രൂപവും എനിക്കു പ്രിയതരമാകുന്നു. അതുകൊണ്ടു കുറേക്കാലംകൂടി ഇങ്ങനെതന്നെ വിഹരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

അജ്ജു—അമ്മേ! ഭക്തവത്സലേ! ഈ ഞാൻ
വരം തരാൻ വെമ്പലൊടേതു വേഷം
ധരിച്ചുതന്നു വരമെൻ വരിഷ്ഠേ!
സ്മരിച്ചിടുന്നേൻ ത്വരിതാഢ്യ ചേരും-
കിരാതികാംക്കൊത്തിടുമാ സ്വരൂപം.

എങ്ങനെയെന്നാൽ, സമരസമയത്തിൽ "നാഥ! സാഹസിക! ത്വല്പാദഭക്തയായിരിക്കുന്ന ഈ ജനത്തെ മറക്കരുതു്" എന്നും "അങ്ങയുടെ സ്ഥിരമായ നിശ്ചയം അപ്രകാരമാണെങ്കിൽ ഇപ്പോൾ അങ്ങയുടെ വരപ്രദാനമുഹൂർത്തം ദർശിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടു ക്ഷണനേരമിരിക്കാം" എന്നും അവിടുന്നു് അരുളിച്ചെയ്കയുണ്ടായി കഷ്ടം! അപ്പോൾ കോപാവേശത്താൽ വിവേകശൂന്യനായിരുന്ന ഞാൻ ആ അർത്ഥം അത്ര സ്പഷ്ടമായിരുന്നിട്ടും മനസ്സിലാക്കിയില്ല.

പരമേ—ഉണ്ണീ! പാർത്ഥ! ഞാനും നിന്റെ ഗർവ്വശമിപ്പിക്കുവാൻതന്നെയാണു നിന്നെ കോപിപ്പിച്ചു നിന്നെക്കൊണ്ടു യുദ്ധം ചെയ്യിച്ചതു്.

അജ്ജ്രു—അതും ദേവനപ്പോൾ അരുളിച്ചെയ്തിട്ടുണ്ടായിരുന്നു. "ക്ഷണനേരംകൊണ്ടു ഞാനിവൻെറ ഗവ്വം ശമിപ്പിച്ചു ഭവതിയെ ഇഷ്ടംപോലെ പ്രസാദിപ്പിക്കാം" എന്നു്.

പരമേ—(ചിരിച്ചുകൊണ്ടു്) സമരമദ്ധ്യത്തിൽ ഈ മായാകിരാതി നിൻെറ പരാക്രമം കാണ്മാനുള്ള അനുഗ്രഹംകൊണ്ടുതന്നെ, കുസുമങ്ങളും ശൂന്യങ്ങളുമാക്കിയ ശരങ്ങൾ, അക്ഷയങ്ങളായിട്ടു് എല്ലായ്പോഴും നിൻെറ ആവനാഴികൾ നിറയ്ക്കട്ടെ. അത്രതന്നെയല്ല.

പ്രഹാരകാലങ്ങളിലെൻ ശിരസ്സി-
ലൊളിഞ്ഞിരുന്നോരു സുരസ്രവന്തി,
ഹരിച്ച ഗാണ്ഡീവധനുസ്സിതാ നീ
ഗ്രഹിക്ക സവ്വാരിവധത്തിനായി.

(എന്നു കൊടുക്കുന്നു. അജ്ജുനൻ ആദരവോടുകൂടി വാങ്ങുന്നു)

പരമേ—അത്രതന്നെയല്ല.

യാതൊന്നിൻ ഗ്രഹണത്തിലാശു പെരുകി-
പ്പാക്കുന്നു ദേവാസുര-
ന്മാരും, സംഗരവേളയിൽ ജയമതി-
ന്നേതോ നിദാനം പരം,
ഇന്നാപ്പാശുപതം ശരം സ്വകൃതിയാ-
യുള്ളി നിനക്കേകുവൻ,
ഭൂഭാരക്ഷപണോപയോഗിയിതു നീ
കൈക്കൊൾക സോപഗ്രഹം.

(എന്നു വിധിപോലെ ചെവിയിലുപദേശിക്കുന്നു.)

അൎജ്ജു—(സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി) ആ
ശ്ചൎയ്യം! പാശുപതത്തിന്റെ ശക്തി!

ഇതിൻ പ്രകാശനത്താലേ
സൎവ്വാരിവിജയക്ഷമൻ
ത്രൈലോക്യരക്ഷയ്ക്കും യോഗ്യൻ
ശുദ്ധനെന്നെന്നെയോൎപ്പൂ ഞാൻ. ന്വവ്യ

അല്ലയോ ഭഗവൻ! ഞാൻ ചരിതാൎത്ഥനായി. അതുകൊണ്ടു ശത്രുക്കളെ തോല്പിക്കുവാനുള്ള ശക്തിക്കായി അവിടുന്നു് എന്നെ അനുഗ്രഹിക്കണം.

പരമേശ്വരൻ—(ചിരിച്ചുംകൊണ്ടു്) ഉണ്ണി! അനുഗ്രഹമെന്തിനു്?

നാരായണൻ ശ്രീവസുദേവപുത്രൻ
അധീനനായുള്ള നരൻ നിനക്കു്
ജയം കരത്തിങ്കലെഴുന്നുയീയെ-
ന്നനുഗ്രഹം തൽ പുനരുക്തി മാത്രം. ന്വവ്യ

എങ്കിലും സമഭാരനാണെന്നു കരുതി അനുഗ്രഹിക്കാം. വിജയ! നിനക്കു വിജയലബ്ധി ഭവിക്കട്ടെ. നിനക്കിനി എന്തിഷ്ടമാണു ചെയ്യേണ്ടതു്?

അൎജ്ജു—അല്ലയോ ഭഗവൻ!

ഞാൻ ചെയ്തോരു തപസ്സിതാ സഫലമാ-
യെന്നല്ല ഞാൻ, മായയാൽ
കാട്ടാളാകൃതിയാം ഭവാനെയടരിൽ-
തോല്പിച്ചു വിഖ്യാതനായു്

ഇഷ്ടം പാശുപതം ലഭിച്ചു മുഴവൻ
ശത്രുക്കൾ ചാകാറുമായ്
ഗൌരീകാന്ത! ഭവൽകൃപാനിലയമാം
പാത്ഥൻ കൃതാത്ഥൻ പരം.

(ഭരതവാക്യം)

ധമ്മത്താൽ വിജയം വേണം സുഖത്തിൽ ദുഃഖമാഴണം
എല്ലാവരും സുഖിക്കേണമെങ്ങും മംഗളമാകണം. ൧൦

(എല്ലാവരും പോയി)

ലക്ഷ്മീഭായി

൧൦൨൯-ാമാണ്ടു കക്കടകമാസം ൧൦-ാം നു-തിരുവവതാരം ചെയ്തരുളിയ മഹാറാണി ലക്ഷ്മിഭായി സി. ഐ. ആറാംകൂർ മൂത്തതമ്പുരാൻ തിരുമനസ്സിലെ തിരുനാമധേയസ്മാരകമായി മലയാളസ്ത്രീകളുടെ പ്രത്യേകോപയോഗത്തിനു വേണ്ടി ൧൦൮൦ മേടത്തിൽ ആരംഭിച്ചു യാതൊരു മുടക്കവും കൂടാതെ നടത്തിവരുന്ന ഒരു മാസിക

വരിസംഖ്യ മുൻകൂർ രണ്ടുറുപ്പിക മാത്രം.

മാസികയുടെ 'രജതജൂബിലി'ലക്കം കുറച്ചു പ്രതികൾ ബാക്കിയുണ്ടു്. വില തപാൽ ചിലവുംകൂടെ ഒന്നര ഉറുപ്പിക. വി. പി. അയയ്ക്കുന്നതല്ല.

വി. കല്യാണിഅമ്മ,

ലക്ഷ്മീഭായി മാനേജർ,

തൃശ്ശിവപേരൂർ.

XI
J. 8

DC Library
00004215
T61 P16

T61
P·16

Indic Digital Archive Foundation
gpura.org